# അധ്യായം 1

# ആലപ്പാട് എന്ന സാംസ്കാരികമേഖല

**1.0.ആമുഖം**

ജീവിതത്തിന്റെ സമസ്ത തലങ്ങളെയും പുനർനിർവ്വചിച്ച ഒന്നാണ് ആധുനികീകരണം.[1] ആ പ്രക്രിയയുടെ ജ്ഞാനവ്യവസ്ഥയ്ക്കുള്ളിലാണ് മറ്റു വിജ്ഞാനശാഖകളെന്നതുപോലെ ചരിത്രവും രൂപം കൊണ്ടത്. ഭൂതകാല ജീവിതത്തിന്റെ അറിവുകളെ സ്വാംശീകരിക്കാൻ ശ്രമിച്ച ഈ പഠനമേഖല മുഖ്യധാരാ സമൂഹത്തെയാണ് അടയാളപ്പെടുത്തിയത്. അധികാരവർഗ്ഗത്തിന്റെയും മേലാളന്റെയും കാഴ്ചകളാണ് അതിൽ ഇടം നേടിയത്. ചരിത്രം ആര് ആർക്കുവേണ്ടി രചിക്കുന്നു എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയുണ്ട്. പ്രാദേശികതകളും കീഴാളരും പ്രാന്തവൽക്കരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്തു. ആധുനികാനന്തര സമീപനങ്ങളുടെ വരവോടെ ഈ ചരിത്രധാരണകൾ വിമർശനവിധേയമായി. പ്രാദേശികതകളും കീഴാളജീവിതവും ഇന്ന് പഠനനവിഷയമാണ്.

ചരിത്രത്തിൽ അരികുകളിലേയ്ക്ക് മാറ്റിനിർത്തപ്പെട്ട ജനസമൂഹമാണ് അരയർ. പ്രാചീനകാലത്ത് മറ്റു ദേശങ്ങളുമായി വാണിജ്യബന്ധങ്ങളിൽ ഏർപ്പെടുകയും ഭരണാധികാരികളുടെ നാവികപ്പടയെ നയിക്കുകയും ചെയ്തിരുന്ന ഒരു ജനതയെ ചരിത്രം പ്രാന്തവൽക്കരിച്ചത് അധികാരവർഗ്ഗം സംഘബലമില്ലാത്തവനെ എങ്ങനെ നിശബ്ദനാക്കും എന്നതിന് തെളിവാണ്. ആലപ്പാട് പ്രദേശത്തെ മുൻനിർത്തി അരയരുടെ ജീവിതവും സംസ്കാരവും പഠിക്കുമ്പോൾ ആലപ്പാട് എന്ന സാംസ്കാരിക മേഖലയെ അടയാളപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഒരു പ്രദേശത്തിന്റെ പഠനം ആ

പ്രദേശത്തെ ജനങ്ങളെക്കുറിച്ചുള്ള പഠനം കൂടിയാണ്. ഒരു പ്രദേശത്തെ രൂപപ്പെടുത്തുന്നത് അവിടുത്തെ ഭൂമിശാസ്ത്രപരമായ ഘടകങ്ങളും ഒപ്പംതന്നെ അവിടെ ജീവിക്കുന്ന ജനതയുടെ ഇടപെടലുകളുമാണ്. അതിനാൽ സാംസ്കാരികമേഖല എന്നു പറയുമ്പോൾ ഈ രണ്ടു ഘടകങ്ങളും പ്രധാനമാണ്. ഭൂമിശാസ്ത്രപരമായി നോക്കിയാൽ ചുറ്റുമുള്ള പ്രദേശങ്ങളിൽനിന്നും ഏതാനും സവിശേഷതകളിൽ വ്യത്യസ്തത പുലർത്തുന്ന ഭൂഭാഗത്തെ മേഖല (Region) എന്നു വിളിക്കാം. അത് ഏതെങ്കിലും സാംസ്കാരിക സവിശേഷതകളാൽ അടയാളപ്പെടുത്തുമ്പോൾ അതിനെ സാംസ്കാരികമേഖല (Cultural region) എന്നു പറയുന്നു. ഒരു പ്രദേശത്തിന്റെ സത്തയെയാണ് (Essence of Place) സാംസ്കാരികമേഖല നിർവ്വചിക്കുന്നത്[2](Jackson, 1990 : 30).

ഒരു പ്രദേശത്തിന്റെ രൂപീകരണത്തിൽ രണ്ടു തരത്തിലുള്ള പ്രവണതകൾ കാണാൻ കഴിയുമെന്ന് കെ.എൻ.പണിക്കർ അഭിപ്രായപ്പെടുന്നുണ്ട്. ഒന്ന് ഭരണപരമായതാണ്. അത് കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്. മറ്റൊന്ന് ജനതയുടെ സാംസ്കാരികജീവിതവുമായി, പാരമ്പര്യവുമായി, പൈതൃകവുമായി ബന്ധപ്പെട്ടതാണ് (പണിക്കർ, 2006 : 33). ഇതിൽ ഭരണപരമായത് മുൻപറഞ്ഞ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളോട് ചേർന്നുനിൽക്കുന്നതാണെന്ന് കാണാം. ആലപ്പാട്ടരയരെക്കുറിച്ചുള്ള പഠനത്തിൽ ഈ രണ്ടു ഘടകങ്ങളും പ്രധാനമാണ്. ഇവയെ പരിഗണിച്ചുകൊണ്ടുതന്നെ 'ആലപ്പാട് എന്ന സാംസ്കാരികമേഖല' എന്ന ഈ അധ്യായത്തിൽ പ്രദേശത്തെ അടയാളപ്പെടുത്താനാണ് ശ്രമിക്കുന്നത്. ആലപ്പാടിന്റെ സ്ഥാനം, രൂപീകരണം, ഭൂപ്രകൃതി, ജനങ്ങൾ, തൊഴിൽ, വിദ്യാഭ്യാസം, ആരാധനാലയങ്ങൾ, മറ്റടിസ്ഥാനസൗകര്യങ്ങൾ, പരിസ്ഥിതിപ്രശ്നങ്ങൾ തുടങ്ങിയവയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

### 1.1. ആലപ്പാട് എന്ന ഇടം

#### 1.1.1. ആലപ്പാട് - ഇന്ന്

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിന്റെ ഭാഗമാണ് ആലപ്പാട് ഗ്രാമം (ചിത്രം 1). കരുനാഗപ്പള്ളിയുടെ തീരദേശമേഖലയായ ആലപ്പാട് ഗ്രാമപഞ്ചായത്താണ് ആലപ്പാട് ഗ്രാമം എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. ഇതിൽ ആലപ്പാട് തുറകൂടാതെ അതിന് തെക്ക് ചെറിയഴീക്കൽ, പണ്ടാരത്തുരുത്ത്, വെള്ളനാതുരുത്ത് എന്നീ തുറകളും വടക്ക് കുഴിത്തുറ, പറയകടവ്, ശ്രായിക്കാട്, അഴീക്കൽ എന്നീ തുറകളും ഉൾപ്പെടുന്നു. കായംകുളം കായലിനും (ടി.എസ്.കനാൽ) അറബിക്കടലിനും ഇടയിലായി സ്ഥിതിചെയ്യുന്ന ഈ ഗ്രാമത്തിന്റെ ദൈർഘ്യം പതിനേഴരക്കിലോമീറ്ററാണ്. കായലിനും കടലിനുമിടയിൽ നാലോ അതിലധികമോ കിലോമീറ്ററുകൾ കരയുണ്ടായിരുന്നുവെന്ന് ആവേദകർ പറയുന്ന ഈ പ്രദേശത്തിന്റെ വീതി ഇപ്പോൾ അരക്കിലോമീറ്ററിൽ താഴെ മാത്രമാണ്. വടക്ക് കായംകുളം അഴിയും (അഴീക്കൽ അഴി) തെക്ക് പന്മന പഞ്ചായത്തും അതിരുകൾ പങ്കിടുന്ന ഇതിന്റെ കിഴക്കുഭാഗത്തായി (കായംകുളം കായലിനക്കരെ) കരുനാഗപ്പള്ളി, കുലശേഖരപുരം, ക്ലാപ്പന, ദേവികുളങ്ങര എന്നീ പഞ്ചായത്തുകൾ സ്ഥിതിചെയ്യുന്നു. ഏഴ് ദശാംശം മൂന്ന് എട്ട് (7.8) ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പ്രദേശം സമുദ്രനിരപ്പിൽനിന്ന് ഏകദേശം ഏഴ് മീറ്ററിനുള്ളിൽ മാത്രം ഉയർച്ചയുള്ള തീരസമതലമാണ്. കരുനാഗപ്പള്ളി പട്ടണത്തിൽനിന്ന് പടിഞ്ഞാറോട്ടു റോഡുമാർഗ്ഗം സഞ്ചരിച്ചാൽ പണിക്കർകടവ് പാലം വഴിയോ കല്ലുംമൂട്ടിൽകടവ് പാലം വഴിയോ ഈ പ്രദേശത്ത് എത്തിച്ചേരാം. അതുപോലെ ഓച്ചിറ പട്ടണത്തിൽ നിന്നും ആയിരംതെങ്ങ് പാലം വഴിയും ഇവിടെ എത്താവുന്നതാണ്. 1977 – ലാണ് ഗ്രാമത്തെ മറുകരയുമായി ബന്ധിപ്പിച്ചുകൊണ്ട് പാലം വരുന്നത്. അതുവരെയും കടത്തുവള്ളങ്ങളെ മാത്രം ആശ്രയിച്ചിരുന്ന ജനങ്ങൾക്ക് പണിക്കർകടവ് പാലം റോഡുമാർഗ്ഗമുള്ള ഗതാഗതത്തിന് ഇടംനൽകി. പിൽക്കാലത്ത് സുനാമി പുനരധിവാസപ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ആയിരംതെങ്ങ് – അഴീക്കൽ പാലവും (2010) കല്ലുംമൂട്ടിൽകടവ് പാലവും (2009) വാഹനഗതാഗതം

സുഗമമാക്കിമാറ്റി.

### 1.1.2. ആലപ്പാട് - ഇന്നലെ

ഭരണസൗകര്യാർത്ഥമുള്ള ഇന്നത്തെ ആലപ്പാടുപഞ്ചായത്തിന്റെ രൂപീകരണത്തിനു മുൻപ് ഈ പ്രദേശത്തിന്റെ സ്വത്വം എന്തായിരുന്നു എന്ന അന്വേഷണം ഇവിടെ പ്രസക്തമാണ്. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടോടുകൂടി കടലിന്റെ അപൂർവ്വപ്രതിഭാസമായ ചാകരയിൽ നിന്നാണ് ഈ പ്രദേശം രൂപം കൊണ്ടതെന്ന് പഞ്ചായത്തുരേഖകൾ വ്യക്തമാക്കുന്നു. ഇതിന് ഉപോദ്ബലകമായി ചില വസ്തുതകൾ ചരിത്രകൃതികളിൽ നിന്ന് കണ്ടെത്താം.

> "കേരളത്തിന്റെ കടൽത്തീരം ഇന്നത്തെപ്പോലെ എല്ലാക്കാലത്തും ഇരുന്നിട്ടില്ലെന്നതിന് സൂചനകളുണ്ട്. നിരന്തരമായി നടക്കുന്ന കടലാക്രമണങ്ങളും കടലിന്റെ ഏറ്റങ്ങളും ഇറക്കങ്ങളും തീരപ്രദേശത്തിന്റെ പല ഭാഗങ്ങളും നശിക്കുന്നതിനും പല പുതിയ ഭാഗങ്ങൾ ഉയർന്നുവരുന്നതിനും കാരണമായി. 11 – ാം നൂറ്റാണ്ടുവരെ നിലനിന്ന ശ്രീമൂലവാസം ബുദ്ധവിഹാരം കടലിൽ താഴ്ന്നുപോയ കഥ ഇതിന്റെ സൂചനയാണ്. പ്രാചീനമായ ഒരു ക്രിസ്ത്യൻ പള്ളി കടലിൽ താണുപോയതായി 14 – ാം നൂറ്റാണ്ടിൽ കൊല്ലം സന്ദർശിച്ച ജോൺ ഡി മരിഞ്ഞോളി എന്ന പുരോഹിത സഞ്ചാരി രേഖപ്പെടുത്തുന്നു. ചേർത്തല – കരപ്പുറം പ്രദേശങ്ങൾ കടൽ പിൻവാങ്ങി ഉണ്ടായതാകാം. കൊച്ചിയും വൈപ്പിൻകരയും ആ രീതിയിൽ ഉണ്ടായതാണെന്ന് പൊതുവെ കരുതപ്പെട്ടിരുന്നു. പുതുവയ്പ്പ് വർഷം എന്ന കാലഗണനാ സമ്പ്രദായം 1314 മുതൽ ആചരിച്ചുവന്നത് ഇതിനെ സൂചിപ്പിക്കുന്നു. നീണ്ടകരയിൽ രണ്ടുകരകളെയും ബന്ധിപ്പിക്കുന്ന പൊഴി (കരയിടുക്ക്) ഉണ്ടായിരുന്നതായി സൂചനയുണ്ട്. ആ പൊഴി ഇന്നില്ല"
> (ഗണേശ്, 1997 : 16 – 17).

ഇതേ രീതിയിൽ ഏ.ഡി. ആദ്യശതകത്തിലുണ്ടായ ഒരു കടൽവയ്പ്പു പ്രദേശമായിരിക്കാം ആലപ്പാട്. ഈ പ്രദേശത്തിന്റെ വടക്കേയറ്റത്ത് അഴി ഉള്ളതുപോലെ ചെറിയഴീക്കൽ, പണ്ടാരത്തുരുത്ത് എന്നീ തുറകളെ വേർതിരിച്ചുകൊണ്ടും ഒരു അഴി

പ്രാചീനകാലത്ത് ഉണ്ടായിരുന്നു. അതിൽ നിന്നാണ് ആ തുറയ്ക്ക് ചെറിയഴീക്കൽ എന്ന പേരുവന്നത്. കാലക്രമേണ കടൽതന്നെ അവിടെ മണ്ണ് നിക്ഷേപിക്കുകയും അഴി ഇല്ലാതാവുകയും ചെയ്തു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പ്രസിദ്ധീ കരിച്ചിട്ടുള്ള കേരളത്തിന്റെ ആദ്യകാല ഭൂപടങ്ങളെ (1670 – ലെയും 1704 – ലെയും) വിശകലനം ചെയ്തുകൊണ്ട് *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* എന്ന ഗ്രന്ഥത്തിൽ പി.കെ. ബാലകൃഷ്ണൻ ഇങ്ങനെ രേഖപ്പെടുത്തുന്നുണ്ട്.

> "ഏ.ഡി. ആദിശതകങ്ങളിൽ കൊടുങ്ങല്ലൂരിലെ മുനമ്പത്തു നിന്നും കപ്പലുകൾക്ക് ഉള്ളിലേയ്ക്ക് കടന്ന് കോട്ടയം ചങ്ങനാശ്ശേരി ചെന്നതിനുശേഷം പുറക്കാട്ടുഭാഗത്ത് കടലിൽ തിരിച്ചെത്താവുന്ന പാകത്തിലായിരുന്നു ഇവിടുത്തെ കരയുടെ കിടപ്പെന്നു നാം കണ്ടു കഴിഞ്ഞു. ഏ.ഡി. 9 – 10 നൂറ്റാണ്ടുകളിൽ ഈ ഭൂവിതാനം സമൂലം മാറിയെന്നും ഇന്നിവിടെയുള്ള കായൽശൃംഖകളും കടൽവയ്പ്പുക രകളും ഇന്നത്തെ രീതിയിൽ രൂപംകൊണ്ടു കഴിഞ്ഞുവെന്നും കരുതാൻ ന്യായം കാണുന്നില്ല. കൊടുങ്ങല്ലൂരിനും കൊല്ലത്തിനുമിടയ്ക്കുള്ള കടലോരപ്രദേശം കായലിൽനിന്ന് കടലിലേയ്ക്കുള്ള വിസ്തൃതമായ പൊഴികൾ മൂലം നാലുദ്വീപുകളായി ശിഥിലമായിട്ടാണ് കിടന്നിരുന്ന തെന്ന് 1670 ലും 1704 ലും വിരചിതമായ ഭൂപടങ്ങൾ കൊണ്ട് കാണുന്നു. അതിൽ ദ്വീപായി ഇന്നും നിലനിൽക്കുന്ന വൈപ്പിൻകര ഒഴിച്ചാൽ കന്നേറ്റി മുതൽ കൊച്ചിവരെയുള്ള പ്രദേശം ഇടതൂർന്ന കടലോരപ്രദേശമായി മാറിയത് 18 – ാം നൂറ്റാണ്ടിലാണെന്നും നാം കാണേണ്ടിവരുന്നു" (1977 : 47).

ഇവിടെ പരാമർശിച്ച കന്നേറ്റി എന്ന സ്ഥലത്തിന് പടിഞ്ഞാറ് ഭാഗത്തുനിന്ന് വടക്കോട്ടാണ് ആലപ്പാട് പ്രദേശത്തിന്റെ കിടപ്പ്. ഈ പ്രദേശത്തിന്റെ വടക്കേയറ്റത്തുള്ള കായംകുളം അഴി കഴിഞ്ഞാൽ അതിനപ്പുറം ആലപ്പുഴ ജില്ലയുടെ ഭാഗമായ വലിയഴീക്കൽ എന്ന ഗ്രാമമാണ്. പതിനെട്ടാം നൂറ്റാണ്ടോടുകൂടിയാണ് ഈ കടൽവയ്പ്പു പ്രദേശങ്ങൾ ഇടതൂർന്നവയായി മാറിയതെന്ന സൂചനയാണ് മുൻ ഉദ്ധരണി നൽകുന്നത്. അതിന്റെ പിന്നാലെ തന്നെ തീരത്തുനിന്ന് മണ്ണപഹരിക്കുന്ന പ്രവണത കടൽ പ്രകടമാക്കിയിരിക്കണം. ആലപ്പാട് പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഇരുപതാം നൂറ്റാണ്ടാകുമ്പോഴേക്കും സ്ഥലം

ഇല്ലാതാകുന്ന അനുഭവമാണുള്ളത്.

നിരന്തരമുള്ള കടലാക്രമണം ഇവിടെ ധാരാളം സ്ഥലം നഷ്ടപ്പെടുന്നതിനു കാരണമായതായി ആവേദകർ പറയുന്നു. ഏറെ വിസ്തൃതിയുള്ള പ്രദേശമായിരുന്നു ആലപ്പാട്. ഏകദേശം എഴുപതുവർഷത്തിനപ്പുറം നാലു കിലോമീറ്ററെങ്കിലും ദൂരെയായിരുന്നു കടൽ. കാരണം കായൽ തീരത്തുനിന്ന് കടൽവരെയെത്തുന്നതിനിടയിൽ നാലു ചുവടുതാങ്ങികൾ ഇവിടെ ഉണ്ടായിരുന്നു. ഒരു കിലോമീറ്റർ അകലത്തിൽ സ്ഥിതിചെയ്തിരുന്ന ഇവ മത്സ്യം തലച്ചുമടായി കൊണ്ടുവരുന്ന തൊഴിലാളികളെ സഹായിക്കാൻ രാജഭരണകാലത്ത് നിർമ്മിച്ചവയാണ്. നിരന്തരമുള്ള കടലാക്രമണത്തിൽ ചുമടുതാങ്ങികൾ നശിക്കുകയും കര ഇന്നത്തെ രീതിയിലേക്ക് ചുരുങ്ങുകയും ചെയ്തതായി ആവേദകർ (പാഠം - 1) പറയുന്നു. ഇവിടെ ഉണ്ടായിരുന്ന പോലീസ് സ്റ്റേഷനും ചന്തയുമൊക്കെ ഇല്ലാതായതും കടലാക്രമണത്താലാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. 1910 - ൽ ഇവിടെ കരിമണൽഖനനം തുടങ്ങിയതിനുശേഷം കടൽ ഒന്നര കിലോമീറ്ററിലധികം കരയിലേക്കു കയറിയിട്ടുണ്ടെന്ന് ജി. മധുസൂദനൻ അഭിപ്രായപ്പെടുന്നു (2003 : 155). ഒരു നൂറ്റാണ്ടിനപ്പുറം ഏറെ വിസ്തൃതിയുള്ള പ്രദേശമായിരുന്നു ആലപ്പാട് എന്ന വസ്തുതയാണ് മുൻ പരാമർശങ്ങളിലൂടെ വ്യക്തമാകുന്നത്.

സംഘകാലതമിഴകത്തെ ഭൂവിഭാഗങ്ങളെ ഐന്തിണകളായി തിരിച്ചതിൽ നെയ്തലിന്റെ സവിശേഷതകൾ ഈ പ്രദേശം ഉൾക്കൊള്ളുന്നുണ്ട്. മീൻപിടുത്തവും ഉപ്പുണ്ടാക്കലും നാവികവൃത്തിയും തീരദേശവാസികളുടെ പ്രധാന തൊഴിലുകളായിരുന്നു. ഉപ്പളങ്ങൾ ഇന്ന് ആലപ്പാട് പ്രദേശത്തില്ലെങ്കിലും അവ ഉണ്ടായിരുന്നതായി സൂചനയുണ്ട്. ഈ ഗ്രാമത്തിലുടനീളം നിലനിൽക്കുന്ന പടന്നയിൽ എന്ന ഗൃഹനാമം അതിന്റെ സൂചകമായി കാണാൻ കഴിയും.

> "കടലോടടുത്ത ഭൂനിരപ്പ് കടൽക്കരനീളെ പലയിടങ്ങളിലും കടൽവിതാനത്തെക്കാൾ താണിരിക്കുന്നു. അതിനാൽ വേലിയേറുമ്പോൾ കയറിവരുന്ന വെള്ളം താണനിലത്തകപ്പെട്ട് കെട്ടിക്കിടക്കും. ഉപ്പ് വാറ്റാൻ പറ്റിയ സാഹചര്യമാണിത്. ഈ കടലോരപ്രദേശങ്ങളിലാണ് നീളെ ഉപ്പു പടന്നകൾ വ്യാപിച്ചുകിടന്നത്. ഉപ്പുവെള്ളത്തിന്റെയും ഉപ്പുപട

ന്നകളുടേയും സാന്നിദ്ധ്യം വിളിച്ചുപറയുന്ന കഴി, പടന്ന മുതലായ പേരുകൾ ചേർന്ന അനേകം സ്ഥലനാമങ്ങൾ കേരളത്തിന്റെ കടൽക്കരയിൽ അങ്ങോളമിങ്ങളോമുണ്ട് "(രാഘവവാര്യർ, 2007 : 68).

ഇവിടെ സ്ഥലനാമം എന്ന നിലയിലല്ല; വീട്ടുപേരായാണ് പടന്ന നിലനിൽക്കുന്നത്. പടന്ന എന്ന വാക്കിന് ഉപ്പുണ്ടാക്കുന്ന സ്ഥലം എന്നാണർത്ഥം. ഉപ്പളങ്ങൾ കാലാന്തരത്തിൽ നികത്തി താമസമാക്കിയവരാണ് പടന്നയിൽ എന്ന വീട്ടുപേരിൽ അറിയപ്പെടുന്നത്. അതുപോലെതന്നെ പണ്ടാരത്തുരുത്തിന് സമീപമുള്ള ഉപ്പുകൂട്ടിക്കടവ് എന്ന സ്ഥലനാമവും ഈ വസ്തുതയെ ശരിവയ്ക്കുന്നുണ്ട്. അവിടെ 'ഒറ്റപ്പടന്ന' എന്ന പേരിൽ വീടുണ്ട്. ചുറ്റും ജലാശയങ്ങളാൽ ഒറ്റപ്പെട്ടുകിടന്നിരുന്ന പടന്ന എന്ന വാക്കിൽ നിന്നാണ് ആ പേരുണ്ടായിട്ടുള്ളതെന്ന് ആവേദകൻ പറയുന്നു (കുഞ്ഞരയൻ, 94 വയസ്സ്). കേരളത്തിലെ നെയ്തലിന്റെ പ്രത്യേകത തെങ്ങിനെപ്പോലുള്ള നാണ്യവിളകളുടെ ഉൽപ്പാദനമാണെന്ന് കെ.എൻ. ഗണേശ് അഭിപ്രായപ്പെടുന്നുണ്ട് (1997 : 13). ഈ പ്രസ്താവനയും ആലപ്പാടിന് അനുയോജ്യമാണ്. മീനവരും പരതവരും ആണ് നെയ്തൽ തിണയിൽ ജീവിച്ചിരുന്നതെങ്കിൽ അവരുടെ പിൻതലമുറക്കാരായ അരയരാണ് ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം ജനങ്ങളും. കടലോനെ (വരുണൻ) ആലപ്പാട്ടരയർ പ്രാചീനകാലത്ത് ആരാധിച്ചിരുന്നിരിക്കണം.

സംഘകാലത്ത് (ഏ.ഡി.500 വരെ) വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കനാട് എന്നിങ്ങനെ അഞ്ചുനാടുകൾ ചേർന്നതായിരുന്നു കേരളം (നായർ, 1994 : 30). ഇന്നത്തെ ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളും കൊല്ലം ജില്ലയുടെ ചില ഭാഗങ്ങളും ഉൾപ്പെട്ടതായിരുന്നു അന്ന് കുട്ടനാട് (ജോസ്, 2004 : 20 ). ഈ നാടിന്റെ ഭാഗമായിരുന്ന ആലപ്പാട് പ്രദേശം.

ഏ.ഡി. 1342 മുതൽ നാലുവർഷത്തിലേറെ കേരളത്തിൽ സഞ്ചരിച്ച ഇബ്നുബത്തൂത്ത ആ കാലത്ത് പരസ്പരം മല്ലടിക്കാതെ കഴിഞ്ഞിരുന്ന ചെറുതും വലുതുമായ പന്ത്രണ്ടു നാട്ടുരാജ്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. കോലത്തുനാട്, പുറകിഴാനാട്, ഏറനാട്, വള്ളുവനാട്, നെടുംപുറയൂർനാട്, പെരുമ്പടപ്പ്, കാക്കരനാട്,

വടക്കുംകൂർ, തെക്കുംകൂർ, തിരുവാറ്റുവായ്നാട്, ഓടനാട്, വേണാട് എന്നിവയാണ് ആ നാടുകളെന്നും അവിടെ നിലനിന്ന ഐക്യം പതിനാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽതന്നെ തകർന്നതായും *പ്രാചീനകേരളത്തിന്റെ രാഷ്ട്രീയ ചരിത്രം* എന്ന കൃതിയിൽ കെ.ശിവശങ്കരൻ നായർ അഭിപ്രായപ്പെടുന്നു(1998 : 224). ഈ നാടുകളിൽ ഓടനാടിന്റെ അധികാരപരിധിക്കുള്ളിലായിരുന്നു ആലപ്പാട്. ഇന്നത്തെ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകൾ ചേർന്നതായിരുന്നു ഓടനാട്. തെക്ക് കന്നേറ്റിയും വടക്ക് തൃക്കുന്നപ്പുഴയും കിഴക്കു പന്തളവും പടിഞ്ഞാറ് അറബിക്കടലുമായുള്ള ഈ നാടിനെ ഓണാട്ടുകരയെന്നും വിളിച്ചിരുന്നു. കണ്ടിയൂർ മറ്റം കേന്ദ്രമാക്കി ചിറവായ് സ്വരൂപം ഭരണം നടത്തിയിരുന്ന ഓടനാടിന്റെ തലസ്ഥാനം കായംകുളത്തിനടുത്തുള്ള എരുവായിലേയ്ക്കും പിന്നീട് കൃഷ്ണപുരത്തേയ്ക്കും മാറ്റിയതിനാൽ അത് കായംകുളം രാജ്യം എന്നറിയപ്പെട്ടു. പലകാലങ്ങളിലായി നടന്ന യുദ്ധങ്ങൾക്കുശേഷം 1746 – ൽ മാർത്താണ്ഡവർമ്മ കായംകുളത്തെ വേണാട്ടിൽ ലയിപ്പിച്ചു (ശശി, 2007 : 11 – 18). അങ്ങനെ ആലപ്പാടും വേണാടിന്റെ ഭാഗമായിത്തീർന്നു. 1748 – ൽ കരുനാഗപ്പള്ളിയിൽ ഒരു താലൂക്ക് രൂപം കൊണ്ടെങ്കിലും അത് ഇന്നുകാണുന്നതുപോലെ ആയിരുന്നില്ല. ഇന്നത്തെ രീതിയിൽ അതിരുകളോടെ താലൂക്ക് രൂപീകരിക്കപ്പെടുന്നത് 1970 – ൽ മാത്രമാണ് (ശശി, 2007 : 28).

നാടുവാഴിത്തവുമായി ബന്ധിപ്പിച്ച് പ്രദേശത്തുനിന്നു ലഭിച്ച വാമൊഴിപാഠങ്ങളിലൊന്നിൽ പറയുന്നത് ഇപ്രകാരമാണ്: ഇവിടം മരുതൂർക്കുളങ്ങര എന്ന നാട്ടുരാജ്യമായിരുന്നു. അത് കായംകുളം രാജ്യത്തിന്റെ ഭാഗമായിരുന്നു. മാർത്താണ്ഡവർമ്മയുടെ ഭരണകാലത്ത് തിരുവിതാംകൂറായി മാറി. പിന്നീട് സ്വാതന്ത്ര്യാനന്തരം പഞ്ചായത്തു രൂപീകരണവേളയിൽ ആലപ്പാടിനെ മൂന്നായി വിഭജിക്കുന്നതിനുള്ള ശ്രമങ്ങൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായി. എന്നാൽ ജനങ്ങളുടെ എതിർപ്പിനെത്തുടർന്നാണ് ഇന്നത്തെ രീതിയിൽ ആലപ്പാട് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടത് (പാഠം – 2). കേട്ടറിവുകളിലൂടെയും ഓർമ്മകളിലൂടെയും ആലപ്പാടിന്റെ ചരിത്രത്തെയാണ് ആവേദകൻ നിർമ്മിച്ചെടുക്കുന്നത്.

പന്മന, വെള്ളനാതുരുത്ത്, പണ്ടാരത്തുരുത്ത്, ചെറിയഴീക്കൽ, ആലപ്പാട്, കുഴിത്തറ, പറയകടവ്, ശ്രായിക്കാട്, അഴീക്കൽ എന്നീ പ്രദേശങ്ങളെ ചേർത്തുകൊണ്ട് 1946 – ൽ പന്മന – അഴീക്കൽ വില്ലേജ് അഫിലിയേറ്റ് കമ്മിറ്റി രൂപം കൊണ്ടു. കടവത്ത് ഗോപിനാഥനും കുറ്റുംമൂട്ടിൽ ജനാർദ്ദനനും അതിന്റെ പ്രസിഡണ്ടുമാരായി പ്രവർത്തിച്ചു. തുടർന്ന് 1951 – ൽ തിരുവിതാംകൂർ – കൊച്ചി പഞ്ചായത്തു നിയമം നിലവിൽ വരുകയും 1953 – ൽ ആലപ്പാട് പഞ്ചായത്ത് രൂപം കൊള്ളുകയും ചെയ്തു. പഞ്ചായത്തു രൂപീകരണവേളയിൽ ദേവികുളങ്ങര, കുലശേഖരപുരം, കരുനാഗപ്പള്ളി എന്നീ ഗ്രാമങ്ങളിലായി കിടന്നിരുന്ന ഈ പ്രദേശത്തെ ഒന്നായി ചേർത്തുനിർത്തിയത് ജനങ്ങളുടെ ഇടപെടലുകളാണ്. എൻ.വി. പുതുമണ്ണേൽ, കുറ്റുംമൂട്ടിൽ ജനാർദ്ദനൻ, പടന്നയിൽ കെ.എസ്. കുഞ്ഞരയൻ തുടങ്ങിയവരുടെ ശ്രമഫലമായാണ് എട്ട് തുറകളെ ഉൾപ്പെടുത്തിക്കൊണ്ട് ആലപ്പാട് പഞ്ചായത്ത് രൂപീകൃതമായതെന്ന് അതിലൊരാളായ കുഞ്ഞരയൻ തന്നെ സാക്ഷ്യപ്പെടുത്തുന്നു (പാഠം – 2).

ആലപ്പാട്ടിലെ ചില സ്ഥലങ്ങൾ ചരിത്രപരമായി പ്രാധാന്യം അർഹിക്കുന്നു. പണ്ടാരത്തുരുത്ത് ഒരു പട്ടണമായിരുന്നു എന്ന് കൊല്ലത്തെ ഡച്ചു നാവികനായിരുന്ന ജോൺ ന്യൂ ഹോഫ് (എ.ഡി. 1661 – 1666) രേഖപ്പെടുത്തുന്നുണ്ട്.

> " കരുനാഗപ്പള്ളി കായംകുളത്തിനടുത്തുള്ള അത്രതന്നെ വലിപ്പമുള്ള സ്ഥലമാകുന്നു. അതിന്റെ വടക്കു ഭാഗത്ത് പുറക്കാട് രാജ്യവും തെക്ക് ഇന്ത്യാ മഹാസമുദ്രവുമാണ്. കൊച്ചിയും കായംകുളവും സ്ഥിതി ചെയ്യുന്ന പുഴയുടെ അരികിലാണ് മരുതൂർകുളങ്ങരയും. തലസ്ഥാന ത്തിനും രാജ്യത്തിന്റെ പേരുതന്നെ. എന്നാൽ തെക്കുഭാഗത്ത് സമുദ്ര തീരത്ത് ആയി പണ്ടാരത്തുരുത്ത് (pandathuruthu) എന്ന പേരുള്ള മറ്റൊരു പട്ടണവുമുണ്ട്. അതിനെ പെസ്സെ എന്നാണ് പോർട്ടുഗീ സുകാർ പറയുന്നത്. അവിടെ രാജാവിന്റെ അനുവാദത്തോടുകൂടി കുരുമുളകുവ്യാപാരത്തിനു വേണ്ടി ഒരു കെട്ടിടം ഞങ്ങൾ പണിയിച്ചു. അവിടെയാണ് രാജ്യത്തെ കുരുമുളക് ഞങ്ങൾ അളന്നെടുത്തത്" (ശിവശങ്കരൻ നായർ, 1996 : 24).

ആലപ്പാടിന്റെ വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന അഴീക്കൽ പ്രദേശം അനേക

നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ ചരിത്രത്തിൽ ഇടം നേടിയതായി മനസ്സിലാക്കാം. ഒന്നാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ടോളമി കാളികൊല്ലം (കായംകുളം) തുറമുഖത്തെക്കുറിച്ചും അതിനു സമീപമുള്ള അയോയ് രാജ്യത്തെക്കുറിച്ചും പറയുന്നുണ്ട്. അദ്ദേഹം പരാമർശിക്കുന്ന അയോറം റീജിയോ (Aiorum Regio) അല്ലെങ്കിൽ അയോയ് രാജ്യം (Country of the Aioi) കായംകുളം തുറമുഖത്തിനു സമീപമുള്ള അഴീക്കൽ പ്രദേശമാണെന്ന് കെ.പി. പദ്മനാഭമേനോൻ അഭിപ്രായപ്പെടുന്നു. കാളികൊല്ലം കായലിന്റെ വടക്കു തെക്ക് അതിർത്തികളിലായി സ്ഥിതിചെയ്യുന്ന വലിയഴീക്കൽ(Great Aybicca Bar), ചെറിയഴീക്കൽ (Little Aybicca Bar) എന്നീ പ്രദേശങ്ങളെക്കുറിച്ചും ഇതിൽ സൂചിപ്പിക്കുന്നുണ്ട് (Padmanabha Menon, 1998 : 292). *കേരള മഹാചരിത്ര*ം ഒന്നാം വാല്യത്തിൽ കെ.എൻ. ഗോപാലപിള്ള കായംകുളം രാജ്യത്തെക്കുറിച്ചും തുറമുഖത്തെക്കുറിച്ചും ഇപ്രകാരം രേഖപ്പെടുത്തുന്നു.

> ‘‘കായംകുളം നാട് കേരളത്തിലെ പുരാതനരാജ്യങ്ങളിൽ ഒന്നായിരുന്നു. കായംകുളത്തിന് കാളികൊല്ലം എന്നായിരുന്നു പ്രാചീനനാമം.... കായംകുളം രാജ്യത്തിന് ഓടനാട് എന്നും ഓണനാട് എന്നും പേരുകൾ ഉണ്ടായിരുന്നു. ആണ്ടിൽ ഒന്നിടവിട്ട് രണ്ടുപൂവുവീതം നെല്ലും എള്ളും ആകെ നാലുപ്രാവശ്യം കൃഷിചെയ്യപ്പെട്ടുവന്ന നിലങ്ങളായിരുന്നു കായംകുളം രാജ്യത്തുള്ളത്. ഇപ്പോഴും ഓണാട്ടുകരയിലെ കൃഷി സമ്പ്രദായം ഇങ്ങനെത്തന്നെ. അവിടുത്തെ ഭൂമി വളരെ ഫലപ്രദവും ജനങ്ങൾ അത്യന്തം പരിശ്രമശീലരുമായിരുന്നു. വിശിഷ്യ കായംകുളം, മലയാളതീരത്തെ വിശ്രുതമായ ഒരു പ്രാചീനതുറമുഖമായിരുന്നു. ഇക്കാരണങ്ങളാൽ ആ നാടു സമ്പൽസമൃദ്ധമായിരുന്നതുകൊണ്ട് ആ പ്രദേശത്തിന് ഓണനാട് എന്നു സംജ്ഞ സിദ്ധിച്ചത് അത്ഭുതമല്ല. ആധുനികകാലത്തെ കായംകുളം കായൽ വ്യാപിച്ചു കിടക്കുന്ന പ്രദേശത്തിന്റെ പശ്ചിമഭാഗത്ത് “അഴീക്കൽ ” എന്നൊരു സ്ഥലമുണ്ട്. ഈ രണ്ടു സ്ഥലങ്ങളും ഉൾപ്പെട്ടതായിരുന്നു കാളികൊല്ലം ‘തുറമുഖം’. അഴീക്കൽ പ്രദേശം പൂർവ്വകാലത്ത് വലിയ വാണിജ്യ കേന്ദ്രമായിരുന്നു. ആധുനിക കായംകുളം കായലിന്റെ പൂർവ്വഭാഗങ്ങൾ നിമ്ന

ങ്ങളായ നെൽകൃഷിനിലങ്ങളായിരുന്നുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഭൂഗർഭീയങ്ങളായ കാരണങ്ങളാൽ തുറമുഖപ്രദേശത്ത് ജലനിരപ്പുയരുകയും പൂർവ്വപ്രദേശങ്ങളിലേയ്ക്ക് സമുദ്രജലം വ്യാപിച്ച് നെൽവയലുകൾ നഷ്ടപ്പെട്ടുപോകുകയും ചെയ്തിരിക്കണം. ഇപ്രകാരം തുറമുഖങ്ങളും നെന്നിലങ്ങളും കായംകുളം നാട്ടിന് നഷ്ടമായതോടുകൂടി ആ നാട്ടിന്റെ ഐശ്വര്യത്തിന് ഗണ്യമായ ഹാനി സംഭവിച്ചു" (1948 : 356 – 357).

ഇങ്ങനെ കായംകുളത്തിന്റെ പൂർവ്വകാലത്തെ വിലയിരുത്തുന്ന ഗോപാലപിള്ള ടോളമി പറയുന്ന അയോയ്രാജ്യം[3] അഴീക്കലാണെന്ന പദ്മനാഭമേനോന്റെ (1998 : 292) അഭിപ്രായത്തെ ശരിവയ്ക്കുകയും ചെയ്യുന്നു.

ഓടനാടിന്റെ ചരിത്രകാരനായ ചേരാവള്ളി ശശി ഡച്ചുകാരുമായുള്ള കായംകുളത്തിന്റെ ബന്ധത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്.

"ഡച്ചും കായംകുളവും തമ്മിലുള്ള ബന്ധം ദൃഢതരമാക്കിയത് ക്യാപ്റ്റൻ ജോൺ ന്യൂഹോഫ് (Nieuholf) 1664 – ൽ കായംകുളം രാജാവിനെ പാരിതോഷികങ്ങളുമായി കാണാൻ വന്നതോടെയാണ്. കൂടികാഴ്ചയുടെ ഫലമായി ചെറിയഴീക്കലും തൃക്കുന്നപ്പുഴയിലും ഡച്ചുകാർക്ക് പണ്ടകശാല കെട്ടാൻ അനുവാദംകിട്ടി. കുരുമുളക് വ്യാപാരം തങ്ങളുടേത് മാത്രമായി ഉറപ്പിക്കാൻ പറ്റി. പകരം ലന്തതോക്കുകളും വെടിമരുന്നും മറ്റും കായംകുളത്തിനും ലഭിച്ചു. ആണ്ടിൽ 20 ലക്ഷം പൗണ്ട് കുരുമുളക് കയറ്റികൊണ്ടുപോയിരുന്നതിൽ അഞ്ചിലൊരംശം കുല്ലികയിലോണിൽ നിന്നാണ് (കാളികൊല്ലം – കായംകുളം) അവർക്ക് ലഭിച്ചിരുന്നത്. കായംകുളവും ഡച്ചും തമ്മിലുള്ള ഈ വ്യാപാരബന്ധം 1743 വരെ തുടർന്നു. കായംകുളത്തിന് പടിഞ്ഞാറുള്ള അഴീക്കൽ പ്രദേശത്തെ തുറമുഖം വഴിയാണ് (അയോയി രാജ്യം എന്ന് ടോളമി പറയുന്നത് അഴീക്കലാണെന്നും പണ്ഡിതമതം) വ്യാപാരബന്ധങ്ങൾ പ്രവൃദ്ധമായി ത്തീർന്നത്. മത്സ്യവ്യവസായം, ചകിരി, കൊപ്രാ, മെത്തപ്പായകൾ എന്നിങ്ങനെ പല മേഖലകളിലായി വാണിജ്യം ശക്തിപ്പെട്ടിരിക്കുന്നു" (2007 : 24).

പതിനാലും പതിനഞ്ചും നൂറ്റാണ്ടുകളിലായി പ്രാധാന്യം കൈവരിച്ച തുറമുഖങ്ങളുടെ കൂട്ടത്തിൽ കായംകുളം തുറമുഖത്തെയും ഉൾപ്പെടുത്തിക്കാണുന്നുണ്ട് (ഗണേശ്, 1997 : 143). ഏ.ഡി. 1340 – ൽ കേരളം സന്ദർശിച്ച ചൈനീസ് വർത്തകനായ വാങ്-ട-വാൻ കായംകുളം തുറമുഖത്തെക്കുറിച്ച് പറയുന്നതായി പി.കെ. ബാലകൃഷ്ണൻ രേഖപ്പെടുത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പതിനാലാം നൂറ്റാണ്ടുവരെയെങ്കിലും ഇന്നത്തെ കായംകുളം പട്ടണം കടൽതീരപ്രദേശമായിരുന്നു എന്നും കായംകുളം പട്ടണത്തിനും കായലിനും ഇടയ്ക്കുള്ള പ്രദേശങ്ങളും കായലിനു പടിഞ്ഞാറുള്ള നിരവധി ഗ്രാമങ്ങളും അതിനുശേഷമാണ് രൂപം കൊണ്ടതെന്നുമുള്ള നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത് (ബാലകൃഷ്ണൻ, 1997 : 166). എന്നാൽ ഇത് യുക്തിക്കു നിരക്കുന്നതാണെന്നു തോന്നുന്നില്ല.

കച്ചവടം, വ്യവസായം തുടങ്ങിയവയ്ക്കായി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളെയാണ് പട്ടണങ്ങൾ/നഗരങ്ങൾ എന്നു വിളിച്ചു വരുന്നത് എന്ന് പദ്മനാഭപിള്ള പറയുന്നു (1998 : 1150). തുറമുഖങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള നഗരവ്യൂഹങ്ങളുടെ വളർച്ച പതിനൊന്നാം നൂറ്റാണ്ടിനുശേഷം കേരളതീരത്ത് വ്യാപകമായതായി കെ.എൻ. ഗണേശ് നിരീക്ഷിക്കുന്നുണ്ട് (1997 : 143). സംഘകാലതമിഴകത്തെക്കുറിച്ച് പഠനം നടത്തിയ എൻ.സുബ്രഹ്മണ്യൻ തീരപ്രദേശത്തുള്ള ടൗണിനു പറഞ്ഞുവന്നിരുന്ന പേരാണ് പട്ടിനം (പട്ടണം) എന്നും സംഘകാലതമിഴകത്തെ ഏറ്റവും മികച്ച പട്ടണമായിരുന്നു കാവേരിപൂമ്പട്ടിനം എന്നും രേഖപ്പെടുത്തുന്നു (2003 : 118). ഇതിൽ നിന്നെല്ലാം മനസ്സിലാകുന്ന വസ്തുത ഇന്നുകാണുന്ന പട്ടണങ്ങളായിരുന്നില്ല പ്രാചീനകാലത്തേതെന്നും അന്ന് പട്ടണങ്ങളുണ്ടായിരുന്നത് തീരപ്രദേശങ്ങളിലാണ് എന്നുമാണ്. കരയിലൂടെയുള്ള ഗതാഗതസൗകര്യങ്ങൾ വർദ്ധിക്കുകയും അവയോടനുബന്ധിച്ച് കച്ചവടകേന്ദ്രങ്ങൾ വളർന്നുവരികയും ചെയ്തപ്പോഴാണ് ഇന്നത്തെ പട്ടണങ്ങൾ രൂപംകൊണ്ടത്. ഇന്നത്തെ കായംകുളം പട്ടണത്തിനടുത്തായിരുന്നു തുറമുഖം എന്ന യുക്തിയിൽ നിന്നാണ്

അതിനു പടിഞ്ഞാറുള്ള തീരപ്രദേശങ്ങളെല്ലാം പതിനാലാം നൂറ്റാണ്ടിനു ശേഷമാണ് രൂപം കൊണ്ടതെന്ന നിഗമനത്തിൽ ബാലകൃഷ്ണൻ എത്തിച്ചേരുന്നത്. ഇവിടെയെല്ലാം പരാമർശിക്കപ്പെടുന്ന കായംകുളം തുറമുഖം കായംകുളം പട്ടണത്തിനു പടിഞ്ഞാറായി ആലപ്പാടിന്റെ ഭാഗമായ അഴീക്കൽ തുറയിലാണ് സ്ഥിതിചെയ്യുന്നത്. കാലാന്തരത്തിൽ പ്രാധാന്യം നഷ്ടപ്പെട്ട ഈ തുറമുഖം അടുത്തകാലത്തായി കായംകുളം മത്സ്യബന്ധനതുറമുഖ[4]മായി വികസിപ്പിച്ചു (ചിത്രം 8).

### 1.1.3. സ്ഥലനാമങ്ങൾ

ആലപ്പാട്ടെ സ്ഥലനാമങ്ങളുടെ ഉത്ഭവത്തെക്കുറിച്ചാണ് ഇവിടെ ചർച്ചചെയ്യുന്നത്. 'ആലം' എന്ന വാക്കിന് കടൽ, വെള്ളം എന്നൊക്കെ അർത്ഥമുണ്ട് (പദ്മനാഭപിള്ള, 1998 : 289). 'പാട്' സ്ഥലം, ഭാഗം എന്നീ അർത്ഥങ്ങളിലും ഉപയോഗിക്കാറുണ്ട്. അങ്ങനെ വരുമ്പോൾ കടലിനോടു ചേർന്നു കിടക്കുന്ന സ്ഥലം എന്ന അർത്ഥസൂചനയാണ് ആലപ്പാട് നൽകുന്നത്. അഴീക്കൽ, ചെറിയഴീക്കൽ എന്നീ പദങ്ങൾ അവിടെയുണ്ടായിരുന്ന അഴിമുഖ പ്രദേശങ്ങളെയാണ് കാണിക്കുന്നത്. സ്ഥലനാമങ്ങളുടെ ഉൽഭവത്തെക്കുറിച്ചുള്ള അറിവുകളും ആവേദകർ പങ്കുവയ്ക്കുന്നുണ്ട്. പണ്ടുകാലത്ത് വെള്ളാളർ താമസിച്ചിരുന്ന തുരുത്താണ് വെള്ളനാതുരുത്തായത്. പണ്ടാരങ്ങൾ താമസിച്ചിരുന്നതിനാലാണ് പണ്ടാരത്തുരുത്ത് എന്ന പേരു വന്നത്. അതുപോലെ ചെറിയഴീക്കലിൽ പണ്ട് ചെറിയ അഴി ഉണ്ടായിരുന്നു. അഴി കൂടിചേർന്ന് ഉണ്ടായതാണ് ആ തുറ. മുമ്പ് ശ്രായിക്കാടില്ല. അതിന് വൈപ്പിക്കാടെന്നാണ് പറഞ്ഞിരുന്നത്. പഴയ കടത്തുണ്ടായിരുന്ന സ്ഥലമാണ് പറയകടവായത്. അഴിയുടെ സമീപപ്രദേശമാണ് അഴീക്കൽ (പാഠം - 3).

ശ്രായിക്കാട്, കഴിഞ്ഞ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെ വൈപ്പിക്കാട് എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നീടാണ് ശ്രായിക്കാടായി മാറിയത്. ആ പേരിന്റെ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്.

"പിതൃപൂജയ്ക്കും മറ്റുമായി നീക്കിവച്ച സ്ഥലമായ സ്രായിക്കൽ

എന്നതിൽ നിന്നാണോ അതോ പില്ക്കാലത്ത് ചിറവായ് സ്വരൂപം എന്നു വിളിച്ചിരുന്ന കായംകുളം രാജാക്കന്മാരുടെ അധീനതയിലിരുന്ന ചിറവായ്ക്കാട് എന്നതിൽ നിന്നാണോ ശ്രായിക്കാടിന് ആ പേര് സിദ്ധിച്ചതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു" (വാമദേവൻ, 1981 : 8).

ജലനിരപ്പിൽനിന്നും താഴ്ന്നു കിടന്ന പ്രദേശത്തെ 'കുഴിത്തുറ' എന്നു വിളിച്ചു. അതിനുസമീപമുള്ള ഉയർന്ന കുന്നിൻപ്രദേശത്തെ ആദ്യകാലങ്ങളിൽ പൊറൈയ്യകടവ് എന്ന് വിളിച്ചതായും പിന്നീട് ഉച്ചാരണ സൗകര്യാർത്ഥം പറയകടവായി മാറിയതായും പറയപ്പെടുന്നു(വാമദേവൻ, 1981 : 7). പൊറ/പൊറൈ എന്ന വാക്കിന് മല എന്ന അർത്ഥം നൽകിക്കാണുന്നുണ്ട്(പദ്മനാഭപിള്ള, 1998 : 1275). അങ്ങനെ നോക്കിയാൽ പൊറൈ യ്യത്തിന് നൽകിയിരിക്കുന്ന കുന്നിൻപ്രദേശം എന്ന അർത്ഥം അനുയോജ്യമാണെന്നു കാണാം. പൊറൈയ്യം എന്നാൽ കുന്നിൻപ്രദേശം എന്നാണർത്ഥം. മണൽകുന്നുകൾ നിറഞ്ഞ പ്രദേശമായിരിക്കണം പറയകടവ്. എന്നാൽ അവിടം പഴയ കടത്തുണ്ടായിരുന്ന സ്ഥലമാണെന്നും പഴയകടവാണ് പിന്നെ പറയകടവായി മാറിയതെന്നും അഭിപ്രായാന്തരമുണ്ട്. കൃഷിക്കാരായ വെള്ളാളർ താമസിച്ചിരുന്ന തുരുത്താണ് വെള്ളാളർ തുരുത്ത്. അത് കാലക്രമേണ വെള്ളനാതുരുത്തായി മാറിയതായി ആവേദ കർ പറയുന്നു (പാഠം – 3). പണ്ടാരം എന്ന ജനസമൂഹം വസിച്ചിരുന്ന തുരുത്താണ് പണ്ടാരത്തുരുത്തായി മാറിയത്. ഈ സ്ഥലത്തെയും ചെറിയഴീക്കലിനെയും തമ്മിൽ വേർതിരിച്ചിരുന്ന അഴി ഇല്ലാതായതോടെ മേൽപ്പറഞ്ഞ രണ്ടു തുരുത്തുകളിലേയ്ക്കും അരയ ജനത കുടിയേറിപ്പാർക്കുകയും കാലക്രമേണ വെള്ളാളർ, പണ്ടാരങ്ങൾ തുടങ്ങിയ ചെട്ടി വർഗ്ഗങ്ങൾ പ്രദേശത്തുനിന്നും പലായനം ചെയ്യുകയും ചെയ്തു.

### 1.2. ഭൂപ്രകൃതി

മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ഈ പ്രദേശം തീരദേശസമതലമാണെന്നു മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. കായംകുളം കായലിന്റെ (60 ചതുരശ്രമീറ്ററാണ് കായലിന്റെ വിസ്തീർണ്ണം) ഒരു ഭാഗം മുഖ്യജലാശയമായുള്ള ആലപ്പാട് ഗ്രാമം ധാരാളം

കുളങ്ങളാലും തോടുകളാലും സമ്പന്നമാണ്. ചതുപ്പുകളും ഇവിടെ കാണാൻ കഴിയും. അവയെല്ലാം ഉപ്പുവെള്ളം കയറി കൃഷിസ്ഥലങ്ങൾ ഉപയോഗശൂന്യമായതുകൊണ്ട് ഉണ്ടായവയാണ്. തീരപ്രദേശങ്ങളിൽ മണൽമണ്ണും കായലിനോട് ചേർന്നുവരുമ്പോൾ ചെളിമണ്ണ് കലർന്നിട്ടുള്ള മണൽമണ്ണുമാണ് കാണപ്പെടുന്നത്. ഈ മണ്ണിന് അമ്ളസ്വഭാവം കൂടുതലും ജൈവാംശവും ക്ഷാരാംശവും കുറവുമായതിനാൽ മുഖ്യമായും തെങ്ങാണ് ഇവിടെ വളരുന്നത്. കായലിനോട് അടുക്കുംതോറും അടയ്ക്കാമരം, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, കുരുമുളക്, മരച്ചീനി, ഫലവൃക്ഷങ്ങൾ എന്നിവയും ചെറിയ തോതിൽ വളരുന്നതായി കാണാം.

ആലപ്പാടിന്റെ ഭൂസവിശേഷതകൾ ഒരാവേദകൻ പറയുന്നത് ഇപ്രകാരം സംഗ്രഹിക്കാം: ഇന്നത്തെ കടൽഭിത്തിയിൽനിന്ന് പടിഞ്ഞാറോട്ട് ഒരു കീലോമീറ്ററിലധികം നടന്നുപോയിട്ടുണ്ട്. അതിനും അപ്പുറമായിരുന്നു കടൽ. ഇവിടെ നാലു ചുമടുതാങ്ങി ഉണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്. ഒരെണ്ണം കണ്ടിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ അഞ്ചുമൈലെങ്കിലും[5] ദൂരെയായിരുന്നു കടൽ. പച്ചപ്പുനിറഞ്ഞ പ്രദേശമായിരുന്നു ഇവിടം. പുല്ലും പാടവും കാവും ചന്തയും തുണിമില്ലുമൊക്കെ ഉണ്ടായിരുന്നു. കരിമണൽ ഖനനം നിമിത്തമുള്ള കടൽകയറ്റമാണ് ഇവയുടെയെല്ലാം നാശത്തിനിടയാക്കിയത്. ഖനനം തുടങ്ങുന്നതിന് മുൻപും കടൽ ക്ഷോഭിക്കാറുണ്ടെങ്കിലും അപഹരിക്കുന്ന മണൽ തിരിച്ചുവയ്ക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ ഇന്ന് മണൽ കരയിൽ നിക്ഷേപിക്കാറില്ല. അത് നാടിന്റെ ശോഷണത്തിനു കാരണമാവുന്നു (പാഠം - 4). പ്രദേശത്തിന് നഷ്ടമായ പല സവിശേഷതകളും ഇവിടെ ഓർമ്മകളിലൂടെ ആവേദകൻ വീണ്ടെടുക്കുന്നു.

കരിമണൽകുന്നുകളും പച്ചപ്പുൽപ്പരപ്പും നൊച്ചി, നായിങ്കണ, കണ്ടൽ മുതലായവ തിങ്ങിവളർന്ന കുറ്റിക്കാടുകളും കള്ളിമുൾച്ചെടികളും അടുമ്പിപ്പടർപ്പുകളും ഒക്കെ നിറഞ്ഞ പ്രദേശമായിരുന്നു ഇത്. അഞ്ചുപതിറ്റാണ്ടു മുമ്പുള്ള ഈ പ്രദേശത്തെക്കുറിച്ച് മത്സ്യത്തൊഴിലാളിയും സ്ഥലവാസിയുമായ കെ.സി. ശ്രീകുമാർ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

> " തിരുവിതാംകൂറിന്റെ ധാന്യക്കലവറകളായിരുന്നു ഈ പ്രദേശത്തെ മൂക്കുംപുഴപ്പാടവും പനക്കടപ്പാടവും. ഇവിടുത്തെ പാടങ്ങളിൽ കണ്ണെത്താദൂരത്തിൽ വിളഞ്ഞു കിടക്കുന്ന കതിർമണികളെക്കുറിച്ച് പഴമക്കാർ അയവിറക്കുമ്പോൾ ഞങ്ങൾ പുതുമക്കാർ കേട്ടിരിക്കാറില്ല. കാരണം ഇപ്പോൾ ഞങ്ങൾക്കത് വേദനയാണ്. കടലിനോട് ചേർന്ന് വിശാലമായ വെള്ളമണൽപ്പരപ്പ്, അതിന് കിഴക്ക് വിശാലമായ കരിമണൽക്കുന്നുകൾ, കുന്നുകൾക്കിടയിൽ കുറ്റിക്കാടുകളും മറ്റ് സസ്യാവരണങ്ങളും പച്ചപുതച്ചിരുന്നു. ആമ്പലും താമരയും വിടർന്നു നിൽക്കുന്ന ശുദ്ധജല തടാകങ്ങൾ, ഔഷധസസ്യങ്ങളുൾപ്പടെ പന്തലിച്ചു നിൽക്കുന്ന ചെറുകാടുകൾ, ശൂരനാട്കൊല ക്കേസി[6]നെത്തുടർന്ന് കമ്മ്യൂണിസ്റ്റ് നേതാക്കളായ തോപ്പിൽ ഭാസിയും ശങ്കരനാരായണൻ തമ്പിയും ഒളിവിലിരുന്ന പനക്കടക്കാട്. കുന്നുകൾക്കു താഴെയുള്ള നിരപ്പായ സ്ഥലങ്ങളായിരുന്നു ഞങ്ങൾ മനുഷ്യരുടെ ആവാസസ്ഥലം. ടി.എസ്. കനാലുമായി ബന്ധപ്പെട്ടു കിടക്കുന്ന വീതിയേറിയ ഇടക്കായലുകൾ. തീരം ചേർന്ന് കടൽതന്നെ സൃഷ്ടിച്ച വീതിയേറിയ കരിമണൽപ്പരപ്പുകൾ. ഈ കൂനയിൽ കമ്പവലയും താങ്ങുവള്ളവും ചെറുവള്ളങ്ങളും പിടിച്ചുകയറ്റി വയ്ക്കുമായിരുന്നു"(2003 : 6).

നാടിന്റെ ഈ സവിശേഷതകൾ ഇന്ന് ഏറെക്കുറെ നഷ്ടപ്പെട്ടിരിക്കുന്നു. കരിമണൽ ഖനനവും കടൽകയറ്റവുമാണ് ഇതിനിടയാക്കിയത്. വെള്ളമണൽപ്പരപ്പും കരിമണൽക്കുന്നുകളും ഇല്ലാത്ത തീരത്ത് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ അവ ശക്തമായ കടൽകയറ്റത്തെ തടുക്കാൻ പര്യാപ്തമല്ല. അടിത്തട്ടിലെ മണ്ണുമാറുമ്പോൾ കല്ലുകൾ ഇളകി കടലിൽ പതിക്കുകയും ക്രമേണ കടൽഭിത്തി ക്ഷയിക്കുകയും ചെയ്യും. വീണ്ടും അതിനുമീതെ കല്ലുകെട്ടുകയാണ് പതിവ്. മീൻ പിടിക്കുന്നതിനുള്ള സൗകര്യാർത്ഥം ചിലയിടങ്ങളിൽ കടൽഭിത്തി കെട്ടാതെ ഒഴിച്ചിട്ടുണ്ട്. എങ്കിലും പൊതുവേ മത്സ്യം പിടിക്കുന്നതിനും ഉപകരണങ്ങൾ കരയിലേയ്ക്ക് കയറ്റിവയ്ക്കുന്നതിനും ഈ ഭിത്തി തടസ്സമായി നിൽക്കുന്നു. കായംകുളം പൊഴിയായി അറിയപ്പെട്ടിരുന്ന പഴയ കായംകുളം തുറമുഖം മത്സ്യബന്ധനതുറമുഖമായി

വികസിപ്പിച്ചതോടെ അത് മീൻപിടിക്കാൻ പോകുന്നതിനുള്ള മുഖ്യമാർഗ്ഗമായി ജനങ്ങൾ സ്വീകരിച്ചു. ഇതു കൂടാതെ നീണ്ടകര തുറമുഖത്തെയും അവർ ആശ്രയിക്കുന്നുണ്ട്.

## 1.3. ജനങ്ങൾ

"കേരളത്തിൽ തുടർച്ചയായി ജനങ്ങൾ വന്നിട്ടുണ്ട്, പോയിട്ടുണ്ട്. ജനങ്ങൾ കുടിയേറിയിട്ടുണ്ട്, കുടിയിറങ്ങിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ ഏകശിലാത്മകമായ ഏകസ്വഭാവമുള്ള ജനസമൂഹമല്ല കേരളത്തിൽ എക്കാലവും ഉണ്ടായിട്ടുള്ളത് എന്നു പറയേണ്ടിവരുന്നു. മറ്റു പ്രദേശങ്ങളിൽ നിന്ന് കുടിയേറുകയും കുടിയിറങ്ങുകയും ഇവിടെ സ്ഥിരതാമസമാക്കിയവരും തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വളർന്നു വന്ന ജനസമൂഹമാണ് കേരളത്തിലുള്ളത്" (ഗണേശ്, 2002 : 22). എന്ന നിരീക്ഷണം ആലപ്പാട് പ്രദേശത്തെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. കടൽവയ്പ്പു പ്രദേശമായ ഇവിടേയ്ക്കു കുടിയേറിപ്പാർത്ത് വാസയോഗ്യമാക്കിത്തീർത്തവരുടെ പിൻതലമുറക്കാരാണ് ഇന്നിവിടെയുള്ളത്. അരയരും വെള്ളാളർ, പണ്ടാരങ്ങൾ എന്നീ ശൈവ ചെട്ടി വിഭാഗങ്ങളും ഈഴവരും പുലയരും ആയിരിക്കാം ഇവിടുത്തെ ആദിമനിവാസികൾ. ഇവരിൽ വെള്ളാളർ, പണ്ടാരങ്ങൾ എന്നിവർ കഴിഞ്ഞ നൂറ്റാണ്ടിനു മുമ്പു തന്നെ ഇവിടെനിന്ന് പലായനം ചെയ്യുകയോ നിഷ്കാസിതരാകുകയോ ചെയ്തു. ഓച്ചിറ പരബ്രഹ്മക്ഷേത്രത്തോടനുബന്ധിച്ച് ഇന്നുകാണുന്ന പണ്ടാരങ്ങൾ ആലപ്പാട്ടു നിവസിച്ചിരുന്നവരുടെ പിൻഗാമികളാണെന്ന് ആവേദകർ പറയുന്നു (പാഠം - 3).

ഗ്രാമപഞ്ചായത്തിന്റെ 2007 - 2008ലെ പദ്ധതിരേഖ പ്രകാരം ജനസംഖ്യ ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി മുപ്പത്തൊന്നാണ്. അതിൽ പന്തീരായിരത്തി നാനൂറ്റിഅറുപത്തെട്ടു പുരുഷന്മാരും പന്തീരായിരത്തി നാനൂറ്റിഅറുപത്തിമൂന്ന് സ്ത്രീകളും ആണ് ഉള്ളത്. നൂറ്റിനാല് കുടുംബങ്ങളിലായി അറുനൂറ്റിയാറ് പേർ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരായുണ്ട്. പ്രദേശത്തെ പത്താം വാർഡ് ഇവർക്കായി സംവരണം ചെയ്തിരിക്കുന്നു. കടലോരമേഖലയായ ഇവിടുത്തെ പ്രധാന

ജനവിഭാഗം അരയരാണ്. ജനസംഖ്യയുടെ തൊണ്ണൂറ്റിരണ്ട് ശതമാനവും ഇക്കൂട്ടരാണെന്ന് കണക്കാക്കപ്പെടുന്നു. അതിൽതന്നെ ചെറിയ വിഭാഗം അരയവാത്തികളും ഉണ്ട്. ബാക്കിവരുന്ന എട്ടു ശതമാനം ജനസംഖ്യയിൽ ക്രിസ്ത്യാനികൾ, ഈഴവർ, പട്ടികജാതിക്കാർ എന്നിവരാണുള്ളത്.

## 1.4. തൊഴിൽ മേഖല

### 1.4.1. മത്സ്യബന്ധനം

ആലപ്പാട് ഒരു മത്സ്യബന്ധന ഗ്രാമമാണ്. പുരുഷന്മാരിൽ എഴുപത്തി അഞ്ച് ശതമാനം ആൾക്കാരും കടലിൽ പണിക്കുപോകുന്നവരാണ്. കൂടുതൽ അധ്വാനവും കുറച്ചുവേതനവും ലഭിച്ചിരുന്ന ഈ തൊഴിലിൽ യന്ത്രവൽക്കരണം വന്നതോടെ അത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചു. പ്രാചീനമായ/ പരമ്പരാഗതമായ കമ്പാവല എന്ന മത്സ്യബന്ധനോപകരണം തന്നെ ഈ പ്രദേശത്തിന് ഇന്നന്യമാണ്.

പലതരം വള്ളങ്ങളിലും ബോട്ടുകളിലുമാണ് ഇന്ന് മത്സ്യബന്ധനം നടത്തുന്നത്. കായൽത്തീരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ചീനവലകൾ (ചിത്രം 10) മീൻപിടിക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗമാണ്. സ്വന്തം ഉപകരണങ്ങളിൽ ജോലി നോക്കുന്നവർ, അന്യരുടെ ഉപകരണ ങ്ങളിൽ പണിചെയ്യുന്നവർ, ഉപകരണങ്ങളുടെ ഉടമസ്ഥരായിമാത്രം നിലനിൽക്കുന്നവർ എന്നിങ്ങനെ മൂന്നു തലത്തിലും പ്രവർത്തിക്കുന്നവർ ഇവിടെയുണ്ട് (4.7 കാണുക).

### 1.4.2. കൃഷിയും അനുബന്ധമേഖലകളും

നെല്ല് സമൃദ്ധിയായി കൃഷിചെയ്തിരുന്നതിന്റെ പൂർവ്വചരിത്രം ആലപ്പാടിനുണ്ട്. ഗ്രാമത്തിലുടനീളം ഉണ്ടായിരുന്ന പാടങ്ങൾ കാലാന്തരത്തിൽ ഉപ്പുവെള്ളത്താൽ ഉപയോഗക്ഷമമല്ലാതായിത്തീർന്നു. പണ്ടാരത്തുരുത്തിലെ മൂക്കുംപുഴപാടവും

ശ്രായിക്കാട്ടെ പനക്കടപ്പാടവും ആലപ്പാട്ട് – കുഴിത്തുറപ്പാടങ്ങളും അവയിൽ ശ്രദ്ധേയങ്ങളായിരുന്നു. ഏക്കറുകളോളം പരന്നുകിടന്ന ഈ പാടങ്ങളെ കടൽത്തീരത്തോടു ചേർന്നുണ്ടായിരുന്ന കരിമണൽകുന്നുകളാണ് കടൽകയറ്റത്തിൽ നിന്നും സംരക്ഷിച്ചിരുന്നത്. എന്നാൽ മണൽകുന്നുകളും തീരവും നഷ്ടമായതോടെ നെൽകൃഷിയും നാമാവശേഷമായി.

ഇപ്പോഴുള്ള പ്രധാന കാർഷികവിള തെങ്ങാണ്. കടൽക്കയറ്റത്തിൽ മണ്ണൊലിച്ചു പോകുന്നത് തെങ്ങുകൃഷിയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. സുനാമിത്തിരയിൽ രണ്ട് മീറ്റർ താഴ്ച്ചയിൽ മണ്ണ് നഷ്ടമായിട്ടുണ്ട്. അടയ്ക്കാമരം, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, ഫലവൃക്ഷങ്ങൾ തുടങ്ങിയവയും ചെറിയ തോതിൽ കൃഷി ചെയ്യുന്നു. മുൻകാലങ്ങളിൽ അന്യദേശങ്ങളിൽ നിന്നുപോലും ആളുകൾ എത്തിയിരുന്ന ഒരു ചന്ത അഴീക്കൽതുറയിൽ പ്രവർത്തിച്ചിരുന്നു. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലെങ്ങും പ്രശസ്തിയാർജ്ജിച്ച ഈ ചന്ത ശ്രീമൂലംപ്രജാസഭയിൽ അംഗമായിരുന്ന കാളിശ്ശേരിൽ വേലായുധപ്പണിക്കരുടെ ശ്രമഫലമായി ഉണ്ടായതാണ്. നാമാവശേഷമായ ആ ചന്തയെക്കുറിച്ച് വി.വി. വേലുക്കുട്ടി അരയൻ (ചിത്രം 2) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

> "അക്കാലത്ത് അഴീക്കൽ പൂക്കോട്ടു പരമ്പരാക്ഷേത്രത്തിന് തെക്കു കിഴക്കായി കാളിശ്ശേരിപുരയിടത്തിൽ ഒരു ചന്ത സ്ഥാപിക്കപ്പെട്ടു. ശ്രീമാധവപുരം ചന്തയെന്നാണ് പേര്. വി.പി. മാധവറാവു തിരുവിതാംകൂർ ദിവാനായിരുന്നപ്പോൾ സ്ഥാപിതമായതുകൊണ്ടാണ് ഈ നാമധേയം നൽകപ്പെട്ടത്. ആഴ്ചയിൽ ശനിയും ബുധനുമാണ് ചന്തദിവസങ്ങൾ. വളരെ ദൂരസ്ഥലങ്ങളിൽനിന്നുപോലും വില്പ്പനയ്ക്കുള്ള സാധനങ്ങളും പേറി വ്യാപാരികളും കോൾക്കാരും ഈ ചന്തയിൽ വന്നുചേരും. ഇങ്ങനെ ജനങ്ങളെ അതിവേഗം ആകർഷിച്ച ഒരു വിപണി വേറെ അന്നറിയപ്പെട്ടിരുന്നില്ല. ആലപ്പാടൻ കയറിന്റെ കോൾക്കാരായ വെള്ളിക്കോൽക്കാർക്ക് ചന്ത പിരിയുമ്പോഴേയ്ക്കും കണ്ടിക്കണക്കിന് കയർ ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളത് ഈ ചിന്തയിൽ നിന്നാണ്. ചക്കച്ചന്തയെന്നും മാങ്ങാച്ചന്തയെന്നും ഇതിന്

അപരാഭിധാനങ്ങളുണ്ട്. കാരണം വളരെ സമൃദ്ധമായി ഈ സാധനങ്ങൾ മറ്റുള്ളിടങ്ങളിൽ നിന്നു ലഭിക്കുന്നതിനു മുമ്പായി ഏതാണ്ടു മകരം മുതൽ കർക്കിടകം വരെ നിരന്തരം ലഭിച്ചുകൊണ്ടിരിക്കുമെന്നുള്ളതാണ്. അന്ന് മരുന്നിന് മാത്രം ഉപയോഗിച്ചുകൊണ്ടിരുന്ന കടച്ചക്ക - പൈനാപ്പിൾ, ആ ചന്തയിൽ കുട്ടക്കണക്കിന് വില്പ്പനക്കെത്തുകയും ജനങ്ങളുടെ ഭക്ഷ്യവസ്തുവായി അംഗീകരിക്കുകയും ചെയ്തു. സസ്യങ്ങൾ അവ വിളയിക്കുന്ന നാട്ടിൽ ലഭിക്കുന്നതിനേക്കാൾ കൂടുതലായും കുറഞ്ഞവിലയ്ക്കും ഈ ചിന്തയിൽ നിന്ന് കിട്ടുമായിരുന്നു. അങ്ങാടി ജൗളിത്തരങ്ങൾ തുടങ്ങിയുള്ള നിത്യാവശ്യസാധനങ്ങളും ഈ ചന്തയിൽ നിന്നും ദിവസേന ലഭിക്കുമായിരുന്നു. രണ്ടു നിരകളിലായി തെക്കുവടക്ക് ഒട്ടു വളരെ പീടികകൾ കെട്ടി നാട്ടുകാർ തന്നെ കച്ചവടം നടത്തിവന്നിരുന്ന ഈ ചന്ത സുരക്ഷിതമായിരുന്നു. ചായക്കടകൾ, തയ്യൽക്കടകൾ തുടങ്ങി പലതും ഈ ചന്തയെ അലങ്കരിച്ചിരുന്നു. പണ്ടേതന്നെ ഐശ്വര്യസമ്പൽസമൃദ്ധമായ അഴീക്കൽ നാടിന്റെ നെഞ്ചിൽ ഒരാഭരണമായി ഈ ചന്ത പ്രകാശിച്ചു. ദൂരദേശങ്ങളിൽ നിന്നെന്നപ്പോലെ ഉൾനാടുകളിൽനിന്നും ജനങ്ങളെ പ്രതിദിനം ആകർഷിക്കാൻ ഈ ചന്തയ്ക്ക് കഴിഞ്ഞിരുന്നു" (1960 : 139 - 140).

ഇത്തരത്തിൽ അവശ്യസാധനങ്ങളെല്ലാം ഒരുമിച്ചു ലഭിക്കുകയും വരുമാനം നേടിത്തരുകയും ചെയ്യുന്ന ഒരു കച്ചവടകേന്ദ്രം ഈ പ്രദേശത്തില്ല. ഭരണകൂടംതന്നെ മുൻകൈയെടുത്ത് നാട്ടിൽ ഒരു വിനിമയകേന്ദ്രം സ്ഥാപിച്ചു എന്നതാണ് അതിന്റെ ചരിത്രപ്രസക്തി. ഇന്ന് അവിടവിടെയായി ചെറുകിട കച്ചവടക്കാർ ഉണ്ടെങ്കിൽ പോലും പലതിനും മറ്റുപ്രദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു; മീൻ വാങ്ങുന്നതിനു പോലും.

ആലപ്പാടിന്റെ പരമ്പരാഗത വ്യവസായമായിരുന്ന കയർനിർമ്മാണവും ഏറെക്കുറെ ഈ പ്രദേശത്തിന് അന്യമായിരിക്കുന്നു. മീൻപിടുത്തത്തിന്റെ ആവശ്യത്തിലേയ്ക്കാണ് കയറു കണ്ടുപിടിച്ചതെന്ന് തകഴിയുടെ *ചെമ്മീൻ* നിരൂപണം ചെയ്യുമ്പോൾ വേലുക്കുട്ടി അരയൻ അഭിപ്രായപ്പെടുന്നുണ്ട്.

"ആദ്യമായി ഈ കയറു കണ്ടുപിടിച്ചതു തന്നെ മീൻപിടുത്തത്തിന്റെ

ആവശ്യത്തിനാണ്. അങ്ങനെ ഉണ്ടാക്കിയ കയറ് വിപണികളിൽ വില്പ്പനക്കുകൂടി ഉണ്ടാക്കാൻ കഴിഞ്ഞത് പെരുമാൾത്തുറ, ആലപ്പാട്ടുതുറ എന്നീ ദിക്കുകാർക്കാണ്. അങ്ങനെ പ്രസിദ്ധിയാർജ്ജിച്ച പെരുമാൾത്തുറ കയറ് ഇപ്പോൾ അഞ്ചുതെങ്ങ് കയറായി. ആലപ്പാടൻ കയറ് ഇന്നും അതേപേരിൽ തുടരുന്നു. ആലപ്പാടൻ കയർ ഇന്നും അരയത്തികളുടെ കുത്തകയാണ്. ആലപ്പുഴ കയർപണ്ടികശാല ക്കാരുമായി മൊത്തവ്യാപാരം നടത്തിയിരുന്നത് അരയന്മാരാണ്. ഇന്നത് പലരുടെയും കയ്യിലായി. ഇങ്ങനെ കടലിന്റെ മക്കൾ തന്നെ കണ്ടുപിടിച്ച കയർ വ്യവസായം ഇന്ന് കേരളക്കര മുഴുവൻ വ്യാപിച്ചു. എട്ടുലക്ഷത്തിൽപരം ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ട് തിരു-കൊച്ചിയിൽ ജീവിക്കുന്നുണ്ട്. അവരും ഈ കയറു കണ്ടുപിടിച്ച ആദ്യത്തെ മുക്കുവർക്കും അവരുടെ പിൻവാഴ്ചക്കാർക്കും കടപ്പെട്ടവരാണ്" (2006 : 37).

ആലപ്പാടൻ കയറിന്റെ പ്രാധാന്യത്തെക്കുറിച്ച് വേലുക്കുട്ടി അരയൻ ഇങ്ങനെ രേഖപ്പെടുത്തിയത് 1956 – ലാണ്. ആലപ്പാടിന്റെ മുദ്രപതിഞ്ഞ കയറിനുണ്ടായിരുന്ന കാലികപ്രസക്തി ഇതിൽനിന്നും മനസ്സിലാക്കാം.

കടലിൽ നിന്നും അഴികളിലൂടെയും പൊഴികളിലൂടെയും ഉപ്പുവെള്ളം കയറിയിറങ്ങുന്ന കായൽത്തീരങ്ങളാണ് തൊണ്ടഴുക്കുന്നതിന് ഏറ്റവും അനുയോജ്യം. അഴീക്കൽ പൊഴിയും[7] നീണ്ടകര അഴിയും നിമിത്തം ആലപ്പാട് നിവാസികൾക്ക് കായൽത്തീരങ്ങളിലും അനുബന്ധത്തോടുകളിലും തൊണ്ടഴുക്കുന്നതിനുള്ള സൗകര്യം ലഭിച്ചിരുന്നു. ഈ തൊണ്ടെടുത്ത് പോളകളഞ്ഞ് കല്ലിൽ വച്ച് തടിക്കഷ്ണം കൊണ്ട് തല്ലി ചകിരിച്ചോറ് മാറ്റിയതിനുശേഷം നാരുകൾ ഉണക്കിയെടുക്കുന്നു. കൈകളും വലതുകാലിന്റെ മുട്ടും ഉപയോഗിച്ച് ഈ നാരുകൾ ഇഴകളാക്കി മാറ്റുന്നു. ഇത്തരത്തിലുള്ള ഇഴകളിൽ രണ്ടെണ്ണം വീതം എടുത്ത് കൈപ്പത്തികൾ തമ്മിൽ ചേർത്ത് പിരിച്ചാണ് കയർ ഉണ്ടാക്കുന്നത്. ഇങ്ങനെ നിർമ്മിച്ചെടുക്കുന്ന ആലപ്പാടൻ കയറിനെ അതിന്റെ ഗുണമേന്മയ്ക്കനുസരിച്ച് ഒന്നാംതരം, രണ്ടാംതരം, മൂന്നാംതരം, സ്റ്റാർ, പൊടിനേർമ്മ എന്നിങ്ങനെ തരംതിരിക്കുന്നു. ഇതു ചെയ്യുന്നയാളെ തിരിവുകാരൻ

എന്നു വിളിച്ചിരുന്നു. കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്നതിന് യന്ത്രശാല ഇല്ലാതിരുന്ന ആ കാലത്ത് ഇനം തിരിച്ച കയറുകൾ കൊച്ചി, ആലപ്പുഴ എന്നിവിടങ്ങളിലെ പണ്ടികശാലകളിലേയ്ക്കാണ് കൊണ്ടുപോയിരുന്നത്. അതവിടെനിന്ന് ഇംഗ്ലണ്ട്, ജർമ്മനി തുടങ്ങിയ വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ചിരുന്നു. ഇങ്ങനെ കയറ്റുമതി ചെയ്ത ആലപ്പാടൻ കയറിൽ പറ്റിയിരുന്ന തിളങ്ങുന്ന കറുത്തമണൽ തേടിയെത്തിയ വിദേശികളാണ് കരിമണൽ ഖനനത്തിന്റെ സാധ്യതകൾ കണ്ടെത്തിയത്. അത് ഈ പ്രദേശത്തിന്റെ തന്നെ ശോഷണത്തിന് കാരണമായതായി ആവേദകർ പറയുന്നു (ശ്രീകുമാർ, 52 വയസ്സ്). കയർമേഖലയിലെ യന്ത്രവൽക്കരണം മൂലം ആലപ്പാടൻ കയറിന്റെ പ്രാധാന്യം നഷ്ടപ്പെട്ടുവെങ്കിലും നാടിന്റെ മുദ്രപേറുന്ന ആ ഉൽപ്പന്നം ഇന്നും പ്രാദേശികസ്വത്വത്തിന്റെ അടയാളമായി നിലനിൽക്കുന്നു.

### 1.4.3. മറ്റുതൊഴിലുകൾ

ഒരു ചെറിയ വിഭാഗം ആളുകൾ സർക്കാർസ്ഥാപനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും ജോലി ചെയ്തുവരുന്നു. ആശാരിപ്പണി, ശാന്തിപ്പണി, ചെറുകിട കച്ചവടങ്ങൾ തുടങ്ങിയവയിലൂടെ കുടുംബം പുലർത്തുന്നവരും ഉണ്ട്. അതുപോലെത്തന്നെ അന്യദേശങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലും മറ്റും ജോലി ചെയ്യുന്നവരും ഇവിടെ കുറവല്ല.

പ്രാചീനകാലത്ത് സ്ത്രീകളുടെ പ്രധാന തൊഴിലുകൾ മീൻ ഉണക്കാൻ പുരുഷന്മാരെ സഹായിക്കുക, ചെമ്മീൻപരിപ്പ് തയ്യാറാക്കൽ, വല കെട്ടുക, കയറു പിരിക്കുക തുടങ്ങിയവയായിരുന്നു. എന്നാൽ ഇന്ന് മീൻ പിടുത്തവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൊന്നും തന്നെ അവർ ഏർപ്പെടുന്നില്ല. തീരം നഷ്ടമായതോടെ അതിനുള്ള സാധ്യത ഇല്ലാതായി എന്നതാണ് മുഖ്യകാരണം. സ്ത്രീകൾ കയറുപിരിക്കുന്ന കാഴ്ചയും ഇന്ന് ചുരുക്കമാണ്.

മറ്റു മേഖലകളിൽ നിന്നും വ്യത്യസ്തമായി ഈ പ്രദേശത്ത് സ്ത്രീകൾ മീൻ വില്പനയ്ക്ക് പോയിട്ടില്ലെന്ന് ആവേദകർ പറയുന്നു. എങ്കിലും വയസ്സായ ചില സ്ത്രീകൾ കമ്പവല വലിച്ചതായി അവർ ഓർക്കുന്നു (പാഠം - 5).

ഇന്ന് ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള കുടുംബശ്രീ പദ്ധതികളിലൂടെ ചെറുകിട സംരംഭങ്ങളിലും മറ്റും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. പലഹാര നിർമ്മാണം, സോപ്പുനിർമ്മാണം, കയറുപിരിക്കൽ, മേസ്തിരിപ്പണി എന്നിങ്ങനെ വിവിധമേഖല കളിലായി പ്രവർത്തിക്കുന്ന നൂറ്റിയറുപത് യൂണിറ്റുകൾ 1998 - ൽ ആരംഭിക്കുക യുണ്ടായി. ഈ ഗ്രൂപ്പുകളിൽ ഏറെയും ഇപ്പോൾ സജീവമാണ് എന്നുകാണാം.

## 1.5. സ്ഥാപനങ്ങൾ

### 1.5.1. വിദ്യാലയങ്ങൾ

ആലപ്പാട് പ്രദേശത്ത് ആറ് ലോവർപ്രൈമറി സ്കൂളുകളും രണ്ട് അപ്പർപ്രൈമറി സ്കൂളുകളും രണ്ട് ഹയർസെക്കണ്ടറി സ്കൂളുകളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. തദ്ദേശീയർ തുടങ്ങിവച്ചവയും പിൻക്കാലത്ത് സർക്കാർ ഏറ്റെടുത്തവയുമാണ് . ഇവയിൽ ഏറ്റവും പഴക്കം 1910 - ൽ സ്ഥാപിച്ച അഴീക്കൻ യു.പി. സ്കൂളാണ്. ഓണാട്ടുകരയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെ എത്തിച്ചേർന്നിരുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി സ്ഥാപിക്കപ്പെട്ട ഈ സ്കൂൾ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളിൽവച്ച് ആദ്യത്തേതായിരുന്നു. 1909 - ൽ ശ്രീമൂലം പ്രജാസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കാളിശ്ശേരിൽ വേലായുധപ്പണിക്കരുടേയും പൂമുഖത്ത് ശങ്കരൻ അരയന്റേയും ശ്രമഫലമായിട്ടാണ് ഈ വിദ്യാലയം സ്ഥാപിതമായത്. 1919 - ൽ കുഴിത്തറയിൽ കൊച്ചുനാഥൻ സ്ഥാപിച്ച പ്രൈമറി സ്കൂളാണ് ഇന്ന് ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കണ്ടറി സ്കൂളായി വികസിച്ചത്. കറുകയിൽ കറുത്തകൊച്ചാണ് പുത്തൻപുരയിൽ സ്കൂൾ എന്ന പേരിൽ ആലപ്പാട് വിദ്യാലയം ആരംഭിച്ചത്. 1934 - ൽ പനമൂട്ടിൽ ഗോവിന്ദൻ അരയൻ സ്ഥാപിച്ചതാണ് ഇന്ന്

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി പരിവർത്തനം ചെയ്ത ചെറിയഴീക്കലിലെ വിദ്യാലയം. ഇങ്ങനെ ഈ ഗ്രാമത്തിലെ സ്കൂളുകളെല്ലാം പുരോഗമനേച്ഛുക്കളായ സമുദായസ്ഥർ തന്നെ മുൻകൈയെടുത്ത് ആരംഭിച്ചിട്ടുള്ള വയാണെന്നുകാണാം. സംസ്കൃതപണ്ഡിതനായ കുഞ്ഞുപിള്ള പണിക്കരുടെ ശ്രമഫലമായി സംസ്കൃത പാഠശാലകളും പകലന്തിയോളം പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളെ സാക്ഷരരാക്കുന്നതിനായി വേലുക്കുട്ടി അരയന്റെ നേതൃത്വത്തിൽ നിശാപാഠശാലകളും ഈ ഗ്രാമത്തിന്റെ പല ഭാഗത്തും പ്രവർത്തിച്ചിരുന്നതായി ആവേദകർ പറയുന്നു (ദാമോദരൻ കുഞ്ചുപ്പണിക്കൻ, 84 വയസ്സ്).

വിജ്ഞാനവിതരണത്തിൽ ഗ്രന്ഥശാലകൾക്കുള്ള പങ്ക് വളരെ വലുതാണ്. പന്ത്രണ്ട് ഗ്രന്ഥശാലകൾ ഈ ഗ്രാമത്തിലുടനീളം പ്രവർത്തിക്കുന്നുണ്ട്. അതിൽ മൂന്നെണ്ണം 'എ' ഗ്രേഡോടുകൂടിയവയാണ്. അവയിൽ ഏറ്റവും പഴക്കമേറിയത് 1908 – ൽ വി.വി.വേലുക്കുട്ടി അരയൻ തന്നെ ചെറിയഴീക്കലിൽ സ്ഥാപിച്ചിട്ടുള്ള വിജ്ഞാനസന്ദായിനിയാണ് (ചിത്രം 3). ഇന്നും സജീവമായി പ്രവർത്തിക്കുന്ന ഈ വായനശാല കേരളത്തിലാദ്യം ഉണ്ടായ പത്ത് ഗ്രന്ഥശാലകളിൽ ആറാം സ്ഥാനത്തു നിൽക്കുന്നു (മോഹൻദാസ്, 2007 : 62). ഇത് കൊല്ലം ജില്ലയിലെ ആദ്യത്തെ ഗ്രന്ഥശാലയാണെന്ന് ഡി.ശശിധരൻ അഭിപ്രായപ്പെടുന്നു (1977 : 315). മൂന്ന് സാക്ഷരതാ തുടർവിദ്യാ കേന്ദ്രങ്ങളും ശിശുക്ഷേമം ലക്ഷ്യമാക്കി ഇരുപത്തിനാല് ബാലവാടികളും പ്രവർത്തിക്കുന്നു.

### 1.5.2. ആതുരാലയങ്ങൾ

ആയുർവേദം, ഹോമിയോ എന്നീ ചികിത്സാ മേഖലകളിൽ പ്രാവീണ്യം നേടിയ വൈദ്യന്മാർ കഴിഞ്ഞ നൂറ്റാണ്ടുകളിൽ ഇവിടെ ഉണ്ടായിരുന്നതായി പ്രാദേശിക രേഖകൾ വ്യക്തമാക്കുന്നു. ചെറിയഴീക്കലിൽ ഉണ്ടായിരുന്ന സെന്റ് തോമസ് ആശുപത്രിയുടെ

പ്രവർത്തനം 1955 – ഓടെ നിലയ്ക്കുകയുണ്ടായി. 1932 – ൽ മാർത്തോമാ സഭയുടെ കീഴിൽ മെഡിക്കൽ ഓഫീസറായിരുന്ന ടി.കെ.വർഗ്ഗീസാണ് ഇത് സ്ഥാപിച്ചത്. നെയ്യൂർ മിഷൻ ഹോസ്പിറ്റലിലെ പ്രധാന ഡോക്ടറായിരുന്ന സോമർവെൽ സായിപ്പാണ് ഇത് ഉത്ഘാടനം ചെയ്തത്. ആണ്ടിലൊരിക്കൽ അദ്ദേഹം ഇവിടെയെത്തി രോഗികളെ പരിശോധിക്കുകയും ശസ്ത്രക്രിയകൾ നടത്തുകയും ചെയ്തിരുന്നതായി *അരയൻ പത്രം* സാക്ഷ്യപ്പെടുത്തുന്നു (വേലുക്കുട്ടി അരയൻ, 1933 : 7).

ഇപ്പോൾ അഴീക്കൽ, ആലപ്പാട് എന്നിവിടങ്ങളിലായി രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ട്. ഇവ കൂടാതെ ശ്രായിക്കാട് ഒരു ഗവൺമെന്റ് ആയുർവേദ ആശുപത്രിയും കുഴിത്തറ ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. മൈനിങ്ങ് വെൽഫയർ ഫണ്ടുപയോഗിച്ചുകൊണ്ട് വെള്ളനാതുരുത്തിൽ ഒരു ചികിത്സാലയവും പണ്ടാരത്തുരുത്ത്, പറയകടവ്, അഴീക്കൽ എന്നിവടങ്ങളിൽ അതിന്റെ ഉപകേന്ദ്രങ്ങളും നിലവിലുണ്ട്. അമൃതാനന്ദമയി മഠത്തിന്റെ കീഴിലുള്ള പറയകടവിലെ സൗജന്യ ചികിത്സാകേന്ദ്രവും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അഴീക്കൽ, ശ്രായിക്കാട് എന്നിവടങ്ങളിലെ അലോപ്പതി ചികിത്സാകേന്ദ്രങ്ങളും അഴീക്കലുള്ള ഹോമിയോ ആശുപത്രിയും ഈ പ്രദേശത്തെ ജനങ്ങളുടെ ആശ്രയ കേന്ദ്രങ്ങളാണ്. മൃഗപരിപാലനത്തിനായി ഒരു മൃഗാശുപത്രിയും ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

### 1.5.3. ആരാധനാലയങ്ങൾ

ഇവിടെ നിലനിന്നിരുന്ന പ്രാചീനമായ ആരാധനാസമ്പ്രദായം എന്തെന്ന് വ്യക്തമല്ല. പ്രാചീന കേരളത്തിൽ കാവുകളെ ചുറ്റിപ്പറ്റിയാണ് ആദിമ നിവാസികളുടെ സംസ്കാരം വളർന്നുവന്നിട്ടുള്ളതെന്ന് ഗവേഷകർ പറയുന്നു. " സംസ്കൃത പാരമ്പര്യത്തിൽപ്പെടാത്ത ദേവീ ദേവന്മാരുടെ ആരാധനാ കേന്ദ്രങ്ങളെയാണ് ഇവിടെ പൊതുവിൽ കാവുകൾ എന്നു വിളിക്കുന്നത്. കാവുകൾക്ക് കാടുമായുള്ള ബന്ധവും ശ്രദ്ധിക്കേണ്ടതാണ്. അസ്പൃശ്യ

(അദൃശ്യ) സമൂഹങ്ങളുടെ പ്രധാനപ്പെട്ട കേന്ദ്രങ്ങളെല്ലാം കാവുകളാണ്. കാവുപാരമ്പര്യത്തിന്റെ അടിത്തറ ഇതു മൂന്നും ചേർന്നതാണ്. അതിനപ്പുറം കേരളത്തിലെ കീഴാള വിഭാഗങ്ങളുടെ സംസ്കാര നിർമ്മിതികൾക്ക് മൊത്തമുള്ള പേരായിട്ടും ഇതിനെ വ്യവഹരിക്കാം "(ഗണേശ്, 2002 : 26).

ഇത്തരത്തിൽ ഒരു കാവ്യപാരമ്പര്യം ആലപ്പാട് ഗ്രാമത്തിലും നിലനിന്നിരിക്കണം. ഇതിന്റെ സൂചകമായിരിക്കണം പനക്കടക്കാവ്. ഇന്നും ചെറിയഴീക്കൽ, വെള്ളനാതുരുത്ത് ഭാഗങ്ങളിൽ പഴയ തറവാടുകളോടു ചേർന്ന് കാവുകളുടെ ശേഷിപ്പുകൾ കാണാം. വെള്ളനാതുരുത്ത് അരയശ്ശേരിൽ തറവാട്ടിലെ കാവിൽ ഇന്നും കൽവിളക്കു കൊളുത്തി ആരാധനയുണ്ട്. ഇതോടനുബന്ധിച്ച് രൂപം കൊണ്ട ക്ഷേത്രമാണ് കരയോഗത്തിന്റെ വകയായ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം.

ബുദ്ധമതത്തിന്റെ സ്വാധീനവും ഈ തീരദേശങ്ങളിലുണ്ടായിരുന്നതായി ചരിത്ര സൂചനകളുണ്ട്. കേരളത്തിൽനിന്നും ലഭ്യമായിട്ടുള്ള ബുദ്ധവിഗ്രഹങ്ങളിൽ ഏറ്റവും പ്രാചീനം (ചിത്രം 6) കരുനാഗപ്പള്ളിയിലെ മരുതൂർകുളങ്ങരയിൽ നിന്നു ലഭിച്ചിട്ടുള്ളതാണെന്ന് ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെടുന്നു (1963 : 220 – 221). ഇത് ലഭിച്ചത് പള്ളിക്കൽക്കുളം എന്ന ഒരു ജലാശയത്തിന്റെ തീരത്തുനിന്നാണെന്നും അതിന്റെ എതിർഭാഗത്തായി പള്ളിക്കൽ എന്നു പേരുള്ള ഒരു നായർ കുടുംബം ഉണ്ടായിരുന്നതായും *ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിൽ* ( വാല്യം 2, 3) പറഞ്ഞിരിക്കുന്നു (Gopinath Rao, 1992 : 122). ഈ ബുദ്ധവിഗ്രഹം സ്ഥിതി ചെയ്തിരുന്നത് ചെറിയഴീക്കിലിലെ വിഹാരത്തിലായിരുന്നു എന്ന് *ഈഴവ-തീയ ചരിത്രപഠനം* എന്ന ഗ്രന്ഥത്തിൽ കെ.ജി. നാരായണൻ രേഖപ്പെടുത്തിയിട്ടുണ്ട്.

> "ശ്രീമൂലവാസം, തൃക്കാക്കര, ധർമ്മടം, പൊൻമന, പുറക്കാട് എന്നിവ അക്കാലത്ത് പാലി ആര്യന്മാരുടെ പ്രസിദ്ധപ്പെട്ട കാളനികളായിരുന്നു. നീണ്ടകരയ്ക്കും പൊന്മനയ്ക്കും ഇടയിൽ, ബുദ്ധമതക്കാരായിരുന്നവരും ബസ്തി അരയന്മാർ എന്ന പേരിൽ ഇന്ന് അറിയപ്പെടുന്നവരുമായ പാലി ആര്യന്മാർ മത്സ്യം പിടിച്ചു ജീവിതം നയിച്ചുവരുന്നുണ്ട്. അവരുടെ പ്രമുഖ തുറമുഖ കേന്ദ്രമായിരുന്ന

ചെറിയഴീക്കൽ എന്ന സ്ഥലത്തുള്ള വിഹാരത്തിൽ സ്ഥിതി ചെയ്തിരുന്ന ബുദ്ധവിഗ്രഹമാണ് യാതൊരു അറ്റകുറ്റവും കൂടാതെ കരുനാഗപ്പള്ളി പടനായർക്കുളങ്ങര ക്ഷേത്രത്തിന്റെ പടിഞ്ഞാറെ മതിലിനു വെളിയിൽ നാഷണൽ ഹൈവേയുടെ അരികിൽ അവഗണിക്കപ്പെട്ട നിലയിൽ സ്ഥാപിച്ചിരുന്നത്. ഇപ്പോൾ അത് തിരുവനന്തപുരം മ്യൂസിയ[8]ത്തിലേക്ക് മാറ്റിയിരിക്കുന്നു" (1984 : 160).

ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടുകളിൽ കേരളം പുലർത്തിയ വിദേശവ്യാപാര ബന്ധങ്ങൾ ചർച്ചചെയ്യുന്ന വേളയിലാണ് ഇത് രേഖപ്പെടുത്തിക്കാണുന്നത്. ഇതിൽ പറയുന്ന പൊൻമന ആലപ്പാടു പഞ്ചായത്തിന് തെക്കുവശത്തായും ശ്രീമൂലവാസസ്ഥാനം എന്ന് ഇളംകുളം കുഞ്ഞൻപിള്ള (1963 : 223) തുടങ്ങിയ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്ന തൃക്കുന്നപ്പുഴ വടക്കുഭാഗത്തുമാണ് സ്ഥിതിചെയ്യുന്നത്. പൂർവ്വകാലത്ത് ചെറിയഴീക്കൽ തുറമുഖമായിരുന്നുവെന്നും അവിടെ ബുദ്ധവിഹാരം സ്ഥിതി ചെയ്തിരുന്നുവെന്നും ഉദ്ധരണിയിൽ നിന്ന് മനസ്സിലാക്കാം. നാട്ടുരാജ്യമായിരുന്ന മരുതൂർകുളങ്ങരയുടെ ഭാഗമായിരുന്നു ചെറിയഴീക്കൽ തുറ. ബുദ്ധമതപ്രചാരണാർത്ഥം ഇവിടെയെത്തി തീരദേശത്ത് വസിച്ചിരുന്ന പാലി ആര്യന്മാരുടെ ആരാധനാകേന്ദ്രമായിരുന്നു ചെറിയഴീക്കലിലെ ബുദ്ധവിഹാരമെന്നാണ് നാരായണൻ പറയുന്നത്. ഇവിടെ ബുദ്ധമതത്തിന് ക്ഷയമുണ്ടായതിനുശേഷം കടൽക്കയറ്റം നിമിത്തമോ മറ്റോ ആയിരിക്കാം 'പുത്തരച്ചൻ' എന്നു വിളിച്ചുവരുന്ന ഈ വിഗ്രഹത്തിന് സ്ഥാനചലനം ഉണ്ടായിട്ടുള്ളത്. ചെറിയഴീക്കലിന് കിഴക്കുഭാഗത്താണ് മരുതൂർകുളങ്ങര സ്ഥിതി ചെയ്യുന്നത്. കൂടാതെ ഈ ദേശങ്ങളിലെ ക്ഷേത്രോൽസവത്തോടനുബന്ധിച്ച് നിലനിൽക്കുന്ന കെട്ടുകാഴ്ച (കുതിരവലി), ആറാട്ട്, താലപ്പൊലി തുടങ്ങിയവ ബുദ്ധമതാഘോഷങ്ങളിൽനിന്ന് കടം കൊണ്ടവയാണെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. "കേരളത്തിലെ തീരദേശങ്ങളിൽ ബുദ്ധമതകേന്ദ്രങ്ങളെ ചുറ്റിപ്പറ്റി ഉൽഭവിച്ച പത്തിനീക്ഷേത്രങ്ങളാണ് പിൽക്കാലത്ത് ഭദ്രകാളിയും ഭഗവതിയും ദുർഗ്ഗയും മറ്റുമായി ചാതുർവർണ്ണ്യ മൂശയ്ക്കുള്ളിൽ കൂടി വെളിയിൽ കടന്നുവന്നത്" (നാരായണൻ, 1984 : 251) എന്ന് ഒരു നിരീക്ഷണമുണ്ട്. ഈ

സവിശേഷതയും ഇവിടെ കാണാവുന്നതാണ്. കായലിനും കടലിനും ഇടയിലായി സ്ഥിതി ചെയ്യുന്ന ഈ ആലപ്പാട്ടു ഗ്രാമത്തിൽ മാത്രം എട്ടു ദേവീക്ഷേത്രങ്ങളാണുള്ളത്. ഇവയെല്ലാം ഈ പ്രദേശത്തിന് ബുദ്ധമതത്തോടുള്ള ബന്ധത്തെയാവണം കാണിക്കുന്നത്.

അരയന്മാരോടൊപ്പം പണ്ടാരങ്ങൾ, വെള്ളാളർ തുടങ്ങിയ ജനസമൂഹങ്ങൾ ഇവിടെ പാർത്തിരുന്നതായി ആവേദകമൊഴികളിൽനിന്നു മനസ്സിലാക്കാം. അവരുടെ ആരാധനകേന്ദ്രം ഗണപതി മുക്കാൽവട്ടം[9] എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇന്നുള്ള ആലപ്പാട് കുരുക്കശ്ശേരിൽ അമ്പലം മുക്കാൽവട്ടമായിരുന്നു.

ശൈവപുരോഹിതന്മാരെ ഗുരുക്കൾ എന്നാണ് വിളിച്ചിരുന്നത്. അവർ പൂജ ചെയ്തിരുന്നതിനാലാണ് കാലാന്തരത്തിൽ കുരുക്കശ്ശേരി ക്ഷേത്രത്തിന് ആ പേരു വന്നതെന്ന് പറഞ്ഞുവരുന്നു. ചെട്ടിവർഗ്ഗങ്ങൾ ഇവിടന്ന് പോയതിനുശേഷവും ഗുരുക്കന്മാർ ഇവിടെ പൂജാദികർമ്മങ്ങൾ നടത്തിവന്നു. ഈ പ്രദേശത്തിന്റെ പലഭാഗത്തും ഗണപതി മുക്കാൽവട്ടങ്ങൾ ഉണ്ടായിരുന്നു. കുടുംബക്ഷേത്രമായി ഇന്നറിയപ്പെടുന്ന ചെറിയഴീക്കൽ മഹാഗണപതിക്ഷേത്രം അതിലൊന്നാണ്. മുക്കാൽവട്ടം എന്ന പേരിൽ അറിയപ്പെടുന്ന ഒരു വീടും ഇന്ന് അഴീക്കൽ തുറയിലുണ്ട്.

അരയന്മാരുടെ കുടിയേറ്റത്തിന് ശേഷം അവർ സ്ഥാപിച്ചതാണ് ഇന്ന് ഇവിടുള്ള ഭഗവതിക്ഷേത്രങ്ങളും സുബ്രഹ്മണ്യക്ഷേത്രങ്ങളും. ഇവർ പ്രാചീനകാലം മുതലേ മാടൻസ്വാമി, ആണ്ടിയാരച്ചൻ, ഭദ്രകാളി എന്നീ ദൈവങ്ങളെ ആരാധിച്ചിരുന്നു. ശൈവാരാധാനരീതിയാണ് ഇവരുടേത്. ഈ ദൈവങ്ങൾ ഇന്നത്തെ രീതിയിലേയ്ക്ക് പരിവർത്തനം ചെയ്തത് ആര്യവൽക്കരണത്തിന്റെ സ്വാധീനത്താലാകാം. സുബ്രഹ്മണ്യസ്വാമിക്ഷേത്രം വെള്ളനാതുരുത്ത്, മൂക്കുംപുഴ ഭഗവതി ക്ഷേത്രം പണ്ടാരത്തുരുത്ത്, കൊച്ചോച്ചിറ പരബ്രഹ്മക്ഷേത്രം ചെറിയഴീക്കൽ, കാശിവിശ്വനാഥ ക്ഷേത്രം ചെറിയഴീക്കൽ, വടക്കേനടയിൽ ഭഗവതിക്ഷേത്രം ചെറിയഴീക്കൽ, വേലിയത്ത് ഭഗവതിക്ഷേത്രം ചെറിയഴീക്കൽ, തിരുംപെരുംതുറൈ മൂത്തരയശ്ശേരിൽ ക്ഷേത്രം

ആലപ്പാട്, സുബ്രഹ്മണ്യസ്വാമിക്ഷേത്രം ആലപ്പാട്, കുരുക്കശ്ശേരിൽ ഭദ്രാദേവിക്ഷേത്രം ആലപ്പാട്, ശ്രീകൃഷ്ണസ്വാമിക്ഷേത്രം കുഴിത്തുറ, പൊന്നാഭഗവതിക്ഷേത്രം പറയകടവ്, പശ്ചിമേശ്വരംക്ഷേത്രം ശ്രായിക്കാട്, സുബ്രഹ്മണ്യസ്വാമിക്ഷേത്രം അഴീക്കൽ, പൂക്കോട്ടു ഭഗവതിക്ഷേത്രം അഴീക്കൽ, പാട്ടത്തിൽ ഭഗവതിക്ഷേത്രം അഴീക്കൽ എന്നിവയാണ് പ്രധാന ക്ഷേത്രങ്ങൾ. ഇവയിൽ ആലപ്പാട് കുരുക്കശ്ശേരിൽ ക്ഷേത്രവും അഴീക്കൽ പാട്ടത്തിൽ ക്ഷേത്രവും എസ്.എൻ.ഡി.പി. യോഗത്തിന്റെ ഉടമസ്ഥതയിലും മറ്റുള്ളവ അരയജന കരയോഗത്തിന്റെ മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഒരു സമുദായത്തിന്റെ കീഴിൽ ധ്വജപ്രതിഷ്ഠയോടുകൂടിയ എട്ടു ക്ഷേത്രങ്ങളുള്ള കേരളത്തിലെ ഏക പഞ്ചായത്താണ് ആലപ്പാട് (ശിവൻ, 1999 : 48).

നൂറ്റാണ്ടുകളുടെ പഴക്കം അവകാശപ്പെടുന്നവയാണ് പല ക്ഷേത്രങ്ങളും. ഇതിൽ ചില ക്ഷേത്രങ്ങൾ കടൽക്കയറ്റം നിമിത്തം മൂന്നും നാലും തവണ മാറ്റി സ്ഥാപിച്ചിട്ടുള്ളവയാണെന്നു കാണാം. ശ്രീ നാരായണഗുരു പ്രതിഷ്ഠ നടത്തിയതാണ് അഴീക്കൽ പട്ടത്തിൽ ക്ഷേത്രം. കൊല്ലവർഷം 1067 – ൽ (1892) നടത്തിയ ഈ പ്രതിഷ്ഠ ഗുരുവിന്റെ ആറാമത്തെ ദേവപ്രതിഷ്ഠയാണെന്ന് ക്ഷേത്രരേഖകൾ പറയുന്നു. ഈ പ്രദേശത്ത് ഏറ്റവും ഒടുവിൽ സ്ഥാപിച്ച ക്ഷേത്രം 1994 – ൽ പണിപൂർത്തിയായ കുഴിത്തുറ കൃഷ്ണസ്വാമിക്ഷേത്രമാണ്.

രണ്ടു ക്രിസ്ത്യൻ പള്ളികളും ഈ പ്രദേശത്തുണ്ട്. ഒന്ന് അഴീക്കലും (ചിത്രം 7) മറ്റൊന്ന് പണ്ടാരത്തുരുത്തും. ഇവ പോർട്ടുഗീസ് അധിനിവേശകാലത്ത് അവർ പണികഴിപ്പിച്ച വയാണ്. ഇതിൽ പണ്ടാരത്തുരുത്തിലെ പള്ളി ആരാധനയില്ലാതെ അടഞ്ഞുകിടക്കുന്നു. ഇവിടെ താമസിച്ചിരുന്ന ക്രിസ്ത്യൻ കുടുംബങ്ങളെല്ലാം അന്യദേശങ്ങളിലേയ്ക്ക് മാറിയതാണ് കാരണം.

പറയകടവിൽ സ്ഥിതിചെയ്യുന്ന മാതാ അമൃതാനന്ദമയി മഠവും പ്രദേശത്തെ ആരാധനാലയങ്ങളുടെ കൂട്ടത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ഇവിടെ അരയ സമുദായത്തിൽ ജനിച്ച (1953 ൽ) സുധാമണി എന്ന അമൃതാനന്ദമയി ഇന്ന് അന്താരാഷ്ട്ര പ്രസിദ്ധിയാർജ്ജിച്ച ഒരു സന്യാസിനിയാണ്. ആതുരാലയങ്ങൾ,

വിദ്യാലയങ്ങൾ തുടങ്ങി സമൂഹികക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള പലപ്രവർത്തനങ്ങളും ഈ മഠത്തിന്റെ കീഴിൽ നടന്നുവരുന്നു.

## 1.6. പാരിസ്ഥിതികപ്രശ്നങ്ങൾ

### 1.6.1. കടലാക്രമണം

പാരിസ്ഥിതികപ്രശ്നങ്ങൾ വളരെ രൂക്ഷമായ തോതിൽ അനുഭവിക്കുന്ന ജനതയാണ് ഇവിടെയുള്ളത്. കാലാകാലങ്ങളായുണ്ടാകുന്ന ശക്തമായ കടൽക്ഷോഭം വളരെയധികം നാശനഷ്ടങ്ങളാണ് ഈ കരയിലുണ്ടാക്കുന്നത്. അതിന്റെ ഏറ്റവും ഭീകരമായ രൂപമായിരുന്നു 2004 ഡിസംബർ ഇരുപത്തിയാറിലെ സുനാമിത്തിരകൾ. ഇതിൽപ്പെട്ട് കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ മരിച്ചതും ആലപ്പാട്ടാണ്. നൂറ്റിനാൽപ്പതിലേറെ പേർക്ക് ജീവഹാനി സംഭവിച്ചു (ചിത്രം 5). ആലപ്പാടിന്റെ വടക്കേയറ്റമായ അഴീക്കൽ തുറയിലാണ് കൂടുതൽ മരണവും നടന്നത്. കാരണം ഇവിടെയാണ് തിരമാലകൾ വളരെ ശക്തമായി ആഞ്ഞടിച്ചത്. തെക്കുനിന്നും വടക്കോട്ടു പോകുമ്പോൾ കടലിലേയ്ക്ക് ചരിഞ്ഞുള്ള പ്രദേശത്തിന്റെ കിടപ്പും തുറമുഖനിർമ്മാണത്തിനായി കായംകുളം പൊഴിയിൽ സ്ഥാപിച്ച പുലിമുട്ടുകളും (ചിത്രം 9) ആ പ്രദേശത്ത് തിരകൾക്ക് ശക്തികൂടാൻ കാരണമായി.

സുനാമിദുരന്തത്തിൽ വീടും സമ്പത്തും ആരോഗ്യവുമെല്ലാം ജനങ്ങൾക്ക് നഷ്ടമായി. ഗവൺമെന്റിന്റെയും മാതാ അമൃതാനന്ദമയി മഠത്തിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും പ്രവർത്തനഫലമായി ദുരന്തത്തിന്റെ ആഘാതത്തിൽ നിന്നും മോചിതരാവാൻ ഒരു പരിധിവരെ ഈ ജനതയ്ക്കായി. വീട്, വീട്ടുപകരണങ്ങൾ, തൊഴിലുപകരണങ്ങൾ, ഭക്ഷ്യസാധനങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയ അവശ്യ സാധനങ്ങൾ നൽകി ഇവരെ പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനായി ഒറ്റയ്ക്കും കൂട്ടായും പല കുടുംബങ്ങളെയും കായലിനപ്പുറമുള്ള പ്രദേശങ്ങളിലേയ്ക്ക് മാറ്റി പാർപ്പിച്ചു. ഒരു ചെറിയ വിഭാഗം ആളുകൾ മാത്രമെ ഈ മാറ്റത്തിന് സന്നദ്ധ

മായുള്ളൂ. വീടു നഷ്ടപ്പെട്ട ബഹുഭൂരിപക്ഷവും അവിടെത്തന്നെ ജീവിക്കാനാണ് തീരുമാനിച്ചത്. അതിനു പ്രധാന കാരണം അവരുടെ ഉപജീവന മാർഗ്ഗമായ മീൻപിടുത്തത്തിന് അനുയോജ്യം ഈ തീരദേശവാസമാണ് എന്നുള്ളതാണ്. അതുമാത്രവുമല്ല അവരെ ഈ തീരഭൂമിയിൽ നിന്നകറ്റി കരിമണൽ ഖനനം സുഗമമാക്കുന്നതിനുള്ള ഒരു തന്ത്രമായും ഇത് തിരിച്ചറിഞ്ഞു.

കടലാക്രമണത്തിൽ സ്ഥലം നഷ്ടപ്പെടുന്ന കേരളത്തിലെ പ്രദേശങ്ങളിൽ ഏറ്റവും മുന്നിലാണ് ആലപ്പാടിന്റെ സ്ഥാനം. ഇപ്പോൾ അഞ്ഞൂറ് മീറ്ററിൽതാഴെ മാത്രം വീതിയിൽ കായലിനും കടലിനും ഇടയിൽ വരമ്പുപോലെ കാണപ്പെടുന്ന ഈ ഗ്രാമത്തിന്റെ നിലനിൽപ്പുതന്നെ അപകടാവസ്ഥയിലാണെന്ന് ആവേദകർ പറയുന്നു. ആലപ്പാടിന്റെ അസ്തിത്വത്തിന് ഭീക്ഷണിയുയർത്തുന്ന രീതിയിൽ കടൽക്കയറ്റം ശക്തമായത് ഇവിടെ കരിമണൽ ഖനനം തുടങ്ങിയതിനുശേഷമാണ്.

### 1.6.2. കരിമണൽ ഖനനം

അപൂർവ്വ ലോഹമണൽ ശേഖരം ഏറ്റവും കൂടുതലുള്ള ലോകത്തിലെ എണ്ണപ്പെട്ട പ്രദേശങ്ങളിൽ ഒന്നാണ് കൊല്ലം ജില്ലയുടെ തീരപ്രദേശങ്ങളായ നീണ്ടകര, ചവറ, ആലപ്പാട് എന്നിവ. നീണ്ടകര മുതൽ അഴീക്കൽ വരെ ഇരുപത്തിയഞ്ച് കിലോമീറ്റർ ദൈർഘ്യത്തിൽ എണ്ണൂറ് മീറ്റർ താഴ്ചയിൽ കരിമണൽ നിക്ഷേപമുണ്ട്. 1909 – ൽ കോംബെർക്ക് എന്ന ജർമ്മൻ ശാസ്ത്രജ്ഞനാണ് കൊല്ലം തീരങ്ങളിലെ കരിമണലിൽ അപൂർവധാതുക്കൾ അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയത്.ഈ മണലിൽ എട്ടു ശതമാനം മോണോസൈറ്റ് അടങ്ങിയിരിക്കുന്നു. അതിൽനിന്ന് തോറിയം, സെറിയം, ലന്താനം, ഇറ്റീരിയം തുടങ്ങിയ പതിനഞ്ചു ധാതുക്കൾ വേർതിരിച്ചെടുക്കാൻ കഴിയും . അവയെയാണ് അപൂർവ്വധാതുക്കൾ എന്നു വിളിക്കുന്നത് (പത്മനാഭൻ, 1993 : 11). അതു കൂടാതെ ഇരുപത്തഞ്ചു ശതമാനം മുതൽ അമ്പത്തിയഞ്ചു ശതമാനം വരെ ഇൽമനൈറ്റ് കരിമണലിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. മൂന്നുകോടി ടൺ ടൈറ്റാനിയം അയിരും മുപ്പതുലക്ഷം റൂടൈൽ അയിരും ഇതിൽ അടങ്ങി

യിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. പെട്രോമാക്സിന്റെ മാന്റലിൽ നിർമ്മാണത്തിനും എണ്ണസംസ്കരണവ്യവസായങ്ങളിലും വിമാനം, റോക്കറ്റ് തുടങ്ങിയവയുടെ നിർമ്മാണത്തിലും മറ്റനേകം രാസവ്യവസായങ്ങളിലും ഈ ധാതുക്കൾ ഉപയോഗിക്കുന്നു (സണ്ണി ലൂക്കോസ്, 2008 : 8).

1911 – ൽ ചവറയിൽ മണ്ണുകമ്പനി സ്ഥാപിച്ചുകൊണ്ട് ജർമ്മൻമാരാണ് ഈ പ്രദേശങ്ങളിൽ കരിമണൽ ഖനനം ആരംഭിച്ചത്. യന്ത്രസഹായമില്ലാതെ മനുഷ്യരുടെ കൈകൊണ്ട് മോണോസൈറ്റ് വേർതിരിച്ച് വൻ തോതിൽ കയറ്റുമതി ചെയ്തിരുന്നു. എന്നാൽ ഈ ലോഹമണലിന്റെ വ്യവസായിക – ശാസ്ത്ര പ്രാധാന്യം തിരിച്ചറിഞ്ഞ കേന്ദ്ര സർക്കാർ 1956 – ൽ മണൽ ഖനനം ദേശസാൽക്കരിച്ചു. 1911 – ൽ ആരംഭിച്ച മണ്ണു കമ്പനിയാണ് ഇന്ത്യൻ റെയർ എർത്ത് (IRE) ആയി വികസിച്ചത്. മണൽ ഖനനം ഇന്ത്യൻ മൈൻസ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരികയും മോണോസൈറ്റിന്റെ കയറ്റുമതി നിരോധിക്കുകയും മണൽ സംസ്കരണം ഇന്ത്യയിൽ മാത്രമേ പാടുള്ളൂ എന്ന വ്യവസ്ഥ ചെയ്യുകയും ചെയ്തു. തുടർന്ന് 1972 – ൽ മണ്ണ് സംസ്കരണത്തിനായി ചവറയിൽ സ്ഥാപിതമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് (KMML) ലോഹമണൽ വ്യവസായത്തിലെ ഏറ്റവും വലിയ സംരംഭമാണെന്ന് കൊല്ലം ജില്ലാ പഞ്ചായത്ത് പദ്ധതിരേഖ പറയുന്നു(1997 – 2002 : 7, 72).

ആലപ്പാട്ട് പ്രദേശത്തിന്റെ തെക്കറ്റമായ വെള്ളനാതുരുത്ത് കേന്ദ്രീകരിച്ചാണ് ഐ.ആർ.ഇ. ഇപ്പോൾ മണൽ ഖനനം (ചിത്രം 14) നടത്തുന്നത്. നിയമം പാലിക്കാതെയുള്ള ഖനനം പലപ്പോഴും പ്രദേശത്ത് സംഘർഷാവസ്ഥ സൃഷ്ടിക്കാറുണ്ട്. ആഴത്തിലുള്ള ഖനനത്തിന് (Deep Mining) പകരം ഉപരിതല ഖനനം (Sarface Mining) നടത്തുന്നതും ഖനനശേഷം അവശേഷിക്കുന്ന വെള്ളമണൽ നിർദ്ദിഷ്ടപ്രദേശത്ത് നിക്ഷേപിക്കാ ത്തതും പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഇവിടെ ഖനനം ആരംഭിച്ചതിനുശേഷം ധാരാളം സ്ഥലം (ചിത്രം 15) കടലെടുത്തിട്ടുണ്ടെന്ന് ആവേദകർ പറയുന്നു.

കരിമണലിൽ നിന്ന് വൻതോതിൽ അണുപ്രസരണം നടക്കുന്നതായി ശാസ്ത്രലോകം അഭിപ്രായപ്പെടുന്നു. ജനിതക വൈകല്യങ്ങൾക്കും ക്യാൻസർ

പോലുള്ള മാരകരോഗങ്ങൾക്കും അത് കാരണമാകുന്നുണ്ട്.

> "വളരെ ഉയർന്ന തോതിൽ വികിരണം (Radiation) അനുഭവപ്പെടുന്ന പ്രദേശമാണ് കായംകുളം - നീണ്ടകര തീരദേശം. ഉയർന്ന തോതിലുള്ള വികിരണം ശാരീരിക വളർച്ചയെയും മാനസിക വികാസത്തെയും മുരടിപ്പിക്കുന്നതായി കണ്ടിരിക്കുന്നു. അതുപോലതന്നെ അർബുദത്തിനും ഭാവിതലമുറയുടെ ജനിതക വൈകല്യത്തിനും കാരണമാകുന്നു. ഈ പ്രദേശത്തെ ശരാശരി വികിരണം 500 μR/h ൽ കൂടുതലാണ്. ഇത് അനുവദനീയമായ പരിധിക്കും മുകളിലാണ്" (ഭൗമശാസ്ത്ര പഠനകേന്ദ്രം, 2001 : 6).

ലോകത്തിൽ ഏറ്റവും കൂടുതൽ അണുപ്രസരണം ഉള്ളത് കരുനാഗപ്പള്ളി താലൂക്കിന്റെ തീരമേഖലയിലാണെന്ന് ഭാഭാ ആറ്റോമിക് റിസർച്ച് സെന്റർ 2007 - ൽ നടത്തിയ പഠനത്തിൽ പറയുന്നു. ഗാമ റേഡിയേഷന്റെ ലോക ശരാശരി ഒരു മില്ലീഗ്രാം ആണെങ്കിൽ കരുനാഗപ്പള്ളിയിൽ അത് അഞ്ഞൂറ് ശതമാനം മുതൽ എണ്ണൂറ് ശതമാനം വരെയാണ്(മലയാളമനോരമ ദിനപത്രം, 2007 മെയ് : 13). എന്നാൽ ഈ കണക്കുക ളൊന്നും പ്രദേശവാസികളെ ഭയപ്പെടുത്തുന്നില്ല. മറ്റു മേഖലകളിൽ ഉള്ളതു പോലെ മാത്രമേ ഇവിടെയും ക്യാൻസർ രോഗികളുള്ളൂ എന്നും കരിമണലിൽ പിറന്നു വീണതിനാൽ അതുമായി സമരസപ്പെട്ടുപോകാനുള്ള ശേഷി അവർക്കുണ്ടെന്നും ജനങ്ങളെ ഇവിടെ നിന്നകറ്റി വൻതോതിൽ കരിമണൽ കടത്തുന്നതിനുള്ള തന്ത്രം മാത്രമാണിതെന്നും ആവേദകർ അഭിപ്രായപ്പെടുന്നു (പാഠം - 129).

കടലാക്രമണത്തെ പ്രതിരോധിക്കാൻ ഇവിടെ കടൽഭിത്തിയുണ്ട്. 1957 - 58 കാലത്താണ് ആദ്യമായി ആലപ്പാട് പ്രദേശത്ത് കടൽഭിത്തി നിർമ്മാണം ആരംഭി ക്കുന്നത്. എന്നാൽ ശക്തമായ കടൽക്ഷോഭത്തെ പ്രതിരോധിക്കാൻ ഈ ഭിത്തിക്കാകുന്നില്ല. കടൽഭിത്തിയോട് ചേർന്ന് കണ്ടൽചെടികളും കറ്റാടിമരങ്ങളും വച്ചുപിടിപ്പിക്കുക, തിരയുടെ ശക്തിയെ തടുക്കാൻ ഈ നൂറു മീറ്റർ ഇടവിട്ട് പുലിമുട്ടുകൾ സ്ഥാപിക്കുക തുടങ്ങി പല നിർദ്ദേശങ്ങളും ഉയർന്നുവരാറുണ്ടെങ്കിലും അവയൊന്നും പ്രായോഗികമാകുന്നില്ല. സുനാമി ദുരന്തത്തെ തുടർന്ന് വീണ്ടും ചർച്ച ചെയ്യപ്പെട്ട ഒന്നായിരുന്നു വി.വി. വേലുക്കുട്ടി അരയന്റെ കടലാക്രമണ പ്രതിരോധപദ്ധതി. 1954

മുതൽ പല പത്ര മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുകയും 1956 – ൽ തിരു – കൊച്ചി ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റിനും അയച്ചുകൊടുക്കുകയും ചെയ്ത ആ പദ്ധതി ലാന്റ് റെക്ലമേഷൻ സ്കീം എന്നറിയപ്പെട്ടു.

കടലിലെ തിരക്കുഴിയിൽ[10] നിന്നും മണ്ണ് കുഴിച്ചെടുത്ത് നിലവിലുള്ള കടൽ തീരത്തിന് സമാന്തരമായി മുക്കാൽ കിലോമീറ്റർ വീതിയിൽ പുതിയ കര സൃഷ്ടിക്കുക എന്നതായിരുന്നു അതിലെ പ്രധാന നിർദ്ദേശം. അങ്ങനെ പുതിയ കര വന്നാൽ അതിനും നിലവിലുള്ള കരയ്ക്കും മധ്യേ തോടുപോലെ ഒരു നിമ്നതലം ഉണ്ടാവും. കര സൃഷ്ടിക്കുന്നതിനായി തോണ്ടി മണ്ണെടുക്കുന്ന ഈ സമുദ്രഭാഗത്തിന് ആഴം കൂടുകയും കടൽക്കയറ്റത്തിന് ശക്തികുറയുകയും തീരം സുരക്ഷിതമാകുകയും ചെയ്യും. പുതിയ കരയിൽ മത്സ്യബന്ധനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ലഭിക്കുകയും തീരത്തോട് ചേർന്ന് കടലിന് ആഴം കൂടുന്നതിനാൽ ചൂടുകുറയുകയും തത്ഫലമായി മീനുകൾ അവിടെ എത്തുകയും മീൻപിടുത്തം സുഗമമാവുകയും ചെയ്യും. രണ്ടോ മൂന്നോ വർഷം കൊണ്ട് ഈ പദ്ധതി നടപ്പിലായാൽ കാലാകാലങ്ങളിൽ കടൽഭിത്തിക്കായി ചിലവഴിക്കുന്ന കോടിക്കണക്കിന് തുക മറ്റുവികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുമെന്നും വേലുക്കുട്ടി അരയൻ അഭിപ്രായപ്പെടുന്നു. നെതർലന്റ്, ഹോളണ്ട്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ ഇത്തരം പ്രവർത്തനങ്ങളിലൂടെ സ്ഥലം വീണ്ടെടുത്തതായി പാറ്റ്നയിലെ ബീഹാർ കോളേജ് ഓഫ് എൻജിനീയറിങ്ങിലെ പ്രൊഫസറായ എസ്.കെ.ഘോഷ് 1960 ഒക്ടോബർ ഇരുപത്തിരണ്ടിന് വേലുക്കുട്ടിയരയന്റെ സ്കീമിനെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹത്തിനെഴുതിയ കത്തിൽ[11] പറയുന്നു. ഏറെ ചർച്ച ചെയ്യപ്പെട്ടെങ്കിലും വേലുക്കുട്ടി അരയന്റെ കടലാക്രമണ പ്രതിരോധപദ്ധതി കടലാസ്സിൽ മാത്രമായി നിലനിൽക്കുന്നു.

ആലപ്പാടിന്റെ സ്ഥാനം, ഭൂപ്രകൃതി, ജനവിഭാഗങ്ങൾ, തൊഴിലിടങ്ങൾ, വിദ്യാകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, പരിസ്ഥിതിപ്രശ്നങ്ങൾ എന്നീ സാംസ്കാരിക ഘടകങ്ങളാണ് ഇവിടെ വിശകലനം ചെയ്തത്. ഇതിലൂടെ ആലപ്പാട് എന്ന സാംസ്കാരികമേഖലയെ ഭൗതിക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പരിധിവരെ അടയാളപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

**കുറിപ്പുകൾ**

1. "Modernity refers a historical period which began in Western Europe with a series of cultural, social and economic changes during the seventeenth century and it is usu ally characterized by three features: first culturally, a reliance on reason and experi ence conditioned the growth of science and specific consciousness, secularization and in strumental rationality; second as a model of life it was based on the growth of indus trial society, social mobility, market economy, literacy, bureaucratization and consolidation of the nation-state; and third it fostered a conception of the person as free autonomous, self-controlled and reflexive" (Kuper, 2006 : 546).

   "ഒരു പരമ്പരാഗത, ഗ്രാമീണ, കാർഷിക സമൂഹത്തിൽ നിന്നും ഒരു മതേതര, നാഗരിക, വ്യാവസായിക സമൂഹത്തിലേയ്ക്കുള്ള പരിവർത്തനം. ഇതിന് വ്യവസായവൽക്കര ണവുമായി ഉറ്റബന്ധമുണ്ട്. സമൂഹങ്ങൾ ആധുനികീരിക്കപ്പെടുന്നതോടെ വ്യക്തിക്ക് വർദ്ധിതമായ പ്രാധാന്യം വന്നുചേരുകയും കുടുംബം, സമുദായം, തൊഴിൽ, സമൂഹം എന്നിവയ്ക്കു പകരം വ്യക്തി സമൂഹത്തിന്റെ അടിസ്ഥാനഘടകമായി മാറുകയും ചെയ്യും. വ്യവസായവൽക്കരണത്തിന്റെ സവിശേഷതയായ തൊഴിൽ വിഭജനം സ്ഥാപനങ്ങളുടെ മേലും പ്രയോഗിക്കപ്പെടുകയും അവ കൂടുതൽ വൈദഗ്ദ്ധ്യമുള്ളവയാകുകയും ചെയ്യുന്നു. പാരമ്പര്യം ആചാരംവഴി നിയന്ത്രിക്കപ്പെടുന്നതിനു പകരം സമൂഹം ആ ഉദ്ദേശത്തിനുവേണ്ടി രൂപീകരിച്ചിരിക്കുന്ന അമൂർത്തങ്ങളായ തത്വങ്ങളനുസരിച്ച് ഭരിക്കപ്പെടുന്നു. മതപരമോ ആത്മീയമായതോ ആയ പരമ്പരാഗത വിശ്വാസങ്ങളുടെ പ്രാധാന്യം കുറയുകയും സവിശേഷമായ സാംസ്കാരിക സ്വഭാവവിശേഷങ്ങൾ പലപ്പോഴും നഷ്ടമാകുകയും ചെയ്യും" (മലയാളം എൻസൈക്ലോപീഡിയ, 2003 : 109).

2. Cultural Regions: Defining the Essence of Place....A region is an area on the earths surface marked by certain characteristics that distinguish it from surrounding regions. Cultural regions are regions that have recognizable cultural characterstics that are specific to that area.

3. ടോളമി പറയുന്ന അയോയ് രാജ്യം (country of Aioi) ആയ് രാജ്യമാണെന്ന് ചരിത്രപണ്ഡിതന്മാർക്കിടയിൽ അഭിപ്രായമുണ്ട് (വസന്തൻ, 2006 : 63). വേലായുധൻ പണിക്കശ്ശേരിയും ഈ ആശയം പങ്കുവയ്ക്കുന്നുണ്ട് (2001[a] : 42).

4. 2008 മെയ് 18 – നാണ് കായംകുളം മത്സ്യബന്ധനത്തുറമുഖം ഉദ്ഘാടനം ചെയ്തത്. 25 കോടി രൂപ മുതൽ മുടക്കി, കേന്ദ്ര – സംസ്ഥാന സർക്കാർ, നബാർഡ് എന്നിവയുടെ സംയുക്ത സംരംഭമായാണ് പണികഴിപ്പിച്ചത്. ഇത് കൊല്ലം, ആലപ്പുഴ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നു (മലയാള മനോരമ, 2008 മെയ് 18).

5. പാഠം ഒന്നിലെയും നാലിലെയും ആവേദകർ പ്രദേശത്തുണ്ടായിരുന്ന നാലു ചുവടുതാങ്ങി കളെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ ഇരുകൂട്ടരും അവയ്ക്കിടയിലെ അകലം കണക്കാക്കാൻ ഉപയോഗിച്ചിരിക്കുന്നത് വ്യത്യസ്ത അളവുകോലുകളാണെന്ന് കാണാം. കിലോമീറ്ററും മൈലും. നാലു ചുവടുതാങ്ങിയുണ്ടായിരുന്നു എന്നു പറയുമ്പോൾ പ്രദേശത്തിന്റെ വീതി അഞ്ചു കിലോമീറ്ററെങ്കിലും വരും. അഞ്ചു മൈലാണെങ്കിൽ എട്ടു കിലോമീറ്ററിലധികം വരും (1 മൈൽ = 1.609 കിലോമീറ്റർ). ഓർമ്മകളിലൂടെ നിർമ്മിക്കപ്പെടുന്ന ഇത്തരം വാമൊഴി വ്യവഹാരങ്ങളുടെ കൃത്യത ഉറപ്പുപറയാൻ കഴിയില്ല. കാലങ്ങളായി കടലാക്രമണത്താൽ കര ക്ഷയിച്ചുകൊണ്ടിരിക്കുന്ന സ്ഥലമാണ് ആലപ്പാട്. കരിമണൽ ഖനനം ഈ കരനാശം എളുപ്പത്തിലാക്കി മാറ്റി എന്നത് വസ്തുതയാണ്. ഇപ്പോൾ അരക്കിലോമീറ്ററിൽ താഴെമാത്രം വീതിയുള്ള ആലപ്പാടിന് കഴിഞ്ഞ നൂറ്റാണ്ടിനപ്പുറം, നാലു കിലോമീറ്ററിലധികം വീതിയുണ്ടായിരുന്നു എന്നു കരുതുകയാണ് യോജ്യം.

6. കേരളത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിൽ ഒരു പ്രധാന പങ്കു പഹിച്ച സംഭവമാണ് ശൂരനാട് കൊലക്കേസ്. കൊല്ലം ജില്ലയിലെ ശൂരനാട് ഗ്രാമത്തിൽ നടന്ന ഒരു കൊലപാതക ശൃംഖലയായിരുന്നു അത്. 1949 ഡിസംബർ 31 – ന് ആയിരുന്നു ഇതിന്റെ തുടക്കം. അന്ന് രാത്രി ഒരു പോലീസ് ഇൻസ്പെക്ടറും മറ്റു മൂന്നു പോലീസുകാരും ക്രൂരമായി കൊല്ലപ്പെട്ടു. സമ്പന്നനായ ജന്മിയുടെ ധിക്കാരപരമായ നടപടിയാണ് സംഭവത്തിലേക്ക് നയിച്ചത്. സവർണ്ണനായ ജന്മി ദരിദ്രനും കർഷകനുമായ സമജാതിക്കാരനെ നുകത്തിൽ, ഒരു കാളക്കുപകരമായി കെട്ടിവച്ച് നിലം പൂട്ടിച്ചു. ഇതായിരുന്നു സംഭവത്തിന്റെ തുടക്കം. അതോടൊപ്പം ജന്മിയുടെ ആൾക്കാർ ചെങ്കൊടി പിടിച്ച ജാഥയെ തടയാൻ ശ്രമിച്ചതും പൊതുകുളത്തിലെ മീൻ ജന്മി ലേലത്തിൽ പിടിച്ചതും ഒക്കെ അദ്ദേഹത്തിനെതിരെ തിരിയാൻ പ്രേരണയായി. ജന്മിയുടെ എതിരാളികൾ കുളത്തിലിറങ്ങി മീൻ പിടിച്ചു. ഇതിനെ തുടർന്ന് ജന്മി അടൂരിൽനിന്നും പോലീസിനെ കൊണ്ടുവന്നു. ആ പോലീസുകാരെയാണ് ക്രൂരമായി കൊലപ്പെടു ത്തിയത്. തുടർന്നു നടന്ന പോലീസ് ആക്രമണത്തിൽ പത്തു നാട്ടുകാർ കൊല്ലപ്പെട്ടു. പതിനാലുപേർ കേസിൽ പ്രതികളായി (ലക്ഷ്മണൻ, 1996 : 108 – 109).

7. കായലും കടലും തമ്മിൽ യോജിക്കുന്ന ഭാഗത്തിനെയാണ് അഴി, പൊഴി എന്നീ പദങ്ങളിലൂടെ സൂചിപ്പിക്കുന്നത്. എന്നാൽ അതു തമ്മിൽ വ്യത്യാസമുണ്ട്. കായലിനും കടലിനും ഇടയിൽ രൂപപ്പെടുന്ന മൺതിട്ടയാണ് പൊഴി. അത് കാലാകാലങ്ങളിൽ മണ്ണുവീണ് നികരുകയും തനിയെ ഇല്ലാതാകുകയും ചെയ്യും. എന്നാൽ അഴി, കായലും കടലും തമ്മിൽ പൂർണ്ണമായും ചേർന്നുകിടക്കുന്നതാണ്. അഴീക്കലിൽ പൊഴിയാണ് മുൻപുണ്ടായിരുന്നത്. പൊഴി അടഞ്ഞുകിടക്കുന്ന വേളയിൽ, വർഷകാലത്ത് നാട്ടിൽ വെള്ളപൊക്കഭീഷണി ഉണ്ടായിട്ടുണ്ട്. അപ്പോൾ പൊഴി തനിയെ മുറിഞ്ഞില്ലെങ്കിൽ വെട്ടിമുറിച്ച്, ജനങ്ങൾതന്നെ അതിനു പരിഹാരം കണ്ടിരുന്നു. തുറമുഖ നിർമ്മാണം ആരംഭിച്ചതോടെ അഴീക്കൽ പൊഴി അഴിയായി പരിവർത്തനം ചെയ്യപ്പെട്ടു.

8. കായംകുളത്തിന് സമീപമുള്ള കൃഷ്ണപുരം കൊട്ടാരത്തിലാണ് ഇപ്പോൾ ഈ ബുദ്ധവിഗ്രഹം സംരക്ഷിക്കുന്നത്.

9. ഗജപൃഷ്ഠാകൃതിയിലുള്ള നിർമ്മാണരീതിയെയാണ് മുക്കാൽവട്ടം എന്നു പറയുന്നത്. ബൗദ്ധാരാധനാലയങ്ങളുടെ പൊതുഘടന ഇങ്ങനെയായിരുന്നു. ബുദ്ധമതത്തിന്റെ സ്വാധീനത്താലാണ് ഈ രീതി ക്ഷേത്രനിർമ്മാണത്തിൽ സ്വീകരിച്ചതെന്ന് അനുമാനിക്കാം.

10. കടലിൽനിന്ന് ഉയർന്നു പൊങ്ങിവരുന്ന തിര, തീരത്തിനടുത്തുവച്ച് ഒടിഞ്ഞാണ് കരയിലേയ്ക്കടിക്കുന്നത്. ഇങ്ങനെ തിരയൊടിയുന്ന ഭാഗത്തിനാണ് തിരക്കുഴി എന്നു പറയുന്നത്.

11. കത്തിന് അനുബന്ധം നോക്കുക.